# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.4/981/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.4/981/22 തീയ്യതി: 29/06/2022

# തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ .കെ | ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 17-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-05-2022 | 17-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രതാപ് കുമാർ ആർ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ആശ ജി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബിന്ദുലത ബി പി , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അൻവർരാജ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രിയദർശിനി എസ് ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മല്ലിക വിജയൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതി. റ്റി. മല്ലിക | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. സുനിൽ പി | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീ. മുരളീധരൻപിള്ള. വി | സെക്രട്ടറി | 10-06-2020 | 14-06-2020 |
| ശ്രീ സുരേഷ് കെ. വി | സെക്രട്ടറി | 15-06-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ദീപ എം.എസ്. | FHC മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അനുജി എ ജോൺ | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി നിഷ വൽസലൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. സൂരജ്. സി.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ ,എൽ.എസ് .ജി.ഡി | 01-04-2020 | 31-03-2021 |
| ശ്രീമതി സിന്ധു. പി.ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി മൃദുല | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. രമേഷ് കുമാർ. പി. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ജിനുകുമാർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി കുമാരി ഷീല. എസ്. | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീദേവി | വി.ഇ.ഒ. | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 22-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-2 |
| 3 | ഗ്രാന്റ് യൂട്ടിലൈസേഷൻ<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Prathap Kumar R (Audit Officer (HG), On 08-06-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 24-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Asha G R (Senior Grade Auditor, On 28-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-6 |
| 7 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Anwar Raj.M (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prathap Kumar R (Audit Officer (HG), On 14-06-2022)<br>Last Updated By: Biji T (Computer Assistant, On 24-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Prathap Kumar R (Audit Officer (HG), On 14-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-9 |
| 10 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 31-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-10 |
| 11 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 24-06-2022) | 1-11 |
| 12 | ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിൽ ലൈസൻസ് ഫീ ഈടാക്കിയില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 24-06-2022) | 1-12 |
| 13 | വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലെ അപാകങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-13 |
| 14 | ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന റേഷൻ സ്ഥാപനങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-14 |
| 15 | സർക്കാർ അനുമതി കൂടാതെ സബ് സെന്റർ ക്ലിനിക്കൽ ലാബുകൾ സ്ഥാപിച്ച് ജീവനക്കാരെ നിയോഗിച്ചിരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-15 |
| 16 | വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 24-06-2022) | 1-16 |

| | | |
|---|---|---|
| 17 | ആയുർവേദ മരുന്നുകൾ - ഔഷധി കരാർ തീയതിക്കു ശേഷം മരുന്ന് നൽകുന്നു.<br>Written By: Anwar Raj.M (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-17 |
| 18 | മരുന്നുകൾ കാലഹരണ തീയതി കഴിഞ്ഞ് വിതരണം ചെയ്യുന്നു. ആരോഗ്യസംരക്ഷണ മേഖലയിലെ ഗുരുതരമായ അപാകം<br>Written By: Anwar Raj.M (Senior Grade Auditor, On 19-05-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-18 |
| 19 | ലൈഫ്-പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.<br>Written By: Anwar Raj.M (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-19 |
| 20 | ബാധ്യതാ ഹെഡിലെ തുകകൾ ഒടുക്കാതെ തനത് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-20 |
| 21 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 24-06-2022) | 1-21 |
| 22 | 1.21 കോടിയുടെ മുൻകൂറുകൾ ക്രമീകരിക്കാനവശേഷിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-22 |
| 23 | സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നത് ക്രമപ്രകാരമല്ല<br>Written By: Anwar Raj.M (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-23 |
| 24 | അനിമൽ ബർത്ത് കൺട്രോൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Anwar Raj.M (Senior Grade Auditor, On 23-05-2022)<br>Last Updated By: Biji T (Computer Assistant, On 24-06-2022) | 1-24 |
| 25 | ഭവനപുനരുദ്ധാരണം(എസ്.സി.പി.)- അപാകതകൾ<br>Written By: Anwar Raj.M (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-25 |
| 26 | പച്ചക്കറി വിത്തുകളും, തൈകളും വാങ്ങിയത് സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-26 |
| 27 | വികസന ഫണ്ട് പാഴായി പോകുന്നു<br>Written By: Anwar Raj.M (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 24-06-2022) | 1-27 |
| 28 | വൗച്ചറുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-28 |
| 29 | ആംബുലൻസ് വാടക വരവ് ആവർത്തന ചെലവുകൾക്ക് മതിയാകുന്നില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 1-29 |
| 30 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 24-06-2022) | 1-30 |
| 31 | പകൽവീടുകൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Priyadarshini.S.R (Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 24-06-2022) | 1-31 |
| 32 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി.<br>Written By: Priyadarshini.S.R (Auditor, On 31-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-32 |

| | | |
|---|---|---|
| 33 | ഹോം കോയുമായി കരാർ ചമച്ചിട്ടില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 24-06-2022) | 1-33 |
| 34 | കെ.എസ്.ഇ.ബി. ക്ക് ഫിറ്റിംഗ് ചാർജ്ജ് ഒടുക്കൽ – ചെലവു തുക 70,221/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Prathap Kumar R (Audit Officer (HG), On 12-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-34 |
| 35 | തെരുവ് വിളക്ക് മെയിന്റനൻസ് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ- 792149/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Prathap Kumar R (Audit Officer (HG), On 13-06-2022)<br>Last Updated By: Biji T (Computer Assistant, On 24-06-2022) | 1-35 |
| 36 | ലോക്ക് ഡൗണിനെ തുടർന്ന് അടച്ചിട്ടിരുന്ന നീന്തൽ കുളത്തിലെ വെള്ളം ശുദ്ധീകരിക്കുന്നപദ്ധതി- ആധികാരിക രേഖകൾ സൂക്ഷിക്കേണ്ടതാണ്.<br>Written By: Prathap Kumar R (Audit Officer (HG), On 13-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 1-36 |
| 37 | സ്ട്രീറ്റ് ലൈറ്റ് നീട്ടൽ- പദ്ധതി നിർവഹണത്തിലെ അപാകതകൾ -3127369/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Prathap Kumar R (Audit Officer (HG), On 14-06-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ്<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 27-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prathap Kumar R (Audit Officer (HG), On 14-06-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 27.03.2020 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് മുന്നിരുപ്പ് 104016759/-, വരവ് 511331565/-, ചെലവ് 602766000/-, ബജറ്റ് നീക്കിയിരുപ്പ് 12582324/- ബജറ്റ് തയ്യാറാക്കുന്നതിലെ/ ചെലവുകൾ നിയന്ത്രിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഹെഡുകളിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഉദാഹരണങ്ങൾ

| ഹെഡ് | 2020-21ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | 2020-21 വാർഷിക കണക്കുകൾ പ്രകാരം വരവ് തുക (ഇൻകം&എക്സ്പന്റിച്ചർ) |
|---|---|---|
| 1101001 വസ്തുനികുതി | 13000000 | 6676890 |
| 1102001തൊഴിൽ നികുതി | 3000000 | 1980250 |
| 1103001പരസ്യനികുതി | 500000 | - |
| 1401201 പെർമിറ്റ് ഫീ | 400000 | 483706 |
| 1407001 മറ്റു വരവുകൾ | 295492 | (228738+66754) |

2) വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2020-21 ബജറ്റ് പ്രകാരം വകയിരുത്തിയ തുക | 2020-21 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2204001 ഇൻഷ്വറൻസ് /രജിസ്ട്രേഷൻ | - | 23630 |
| 2206001 പരസ്യം/പ്രസിദ്ധീകരണം | - | 57385 |
| 2207101 അസാധാരണ ചെലവുകൾ | - | 368133 |
| 2208001 മറ്റു ഭരണചെലവുകൾ | - | 262111 |
| 2304001 വാടക | 100000 | 389957 |
| 2308001 മറ്റു നടത്തിപ്പ്/ മെയിന്റനൻസ് ചെലവുകൾ | 1000000 | 1226307 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (6), (8) പ്രകാരം ബജറ്റ് പ്രകാരം വകയിരുത്തിയതിലുമധികമായി ചെലവുകൾ ചെയ്യുവാൻ പാടുള്ളതല്ല.

3) സ.ഉ.(സാധാ) നം.3291/2016 തസ്വഭവ തീയതി 02.12.2016ൽ നിർദ്ദേശിച്ച പ്രകാരം ബജറ്റ് നിയന്ത്രണത്തിനോ,

പ്രതിമാസ ബജറ്റ് വിലയിരുത്തലിനോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി / ഭരണസമിതി നടപടികൾ/തീരുമാനങ്ങൾ സ്വീകരിച്ചിട്ടില്ല.

4) 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് റിവൈസ് ചെയ്തിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/10.05.2022) 2020-21 സാമ്പത്തിക വർഷത്തിൽ വിവിധ ഇനങ്ങളിലായി ലഭ്യമാകുമെന്ന് പ്രതീക്ഷിച്ച തുകയാണ് ബജറ്റിൽ വകയിരുത്തിയത് എന്നും, കോവിഡ് സാഹചര്യത്തിൽ പ്രതീക്ഷിച്ച വരവ് ലഭിച്ചില്ലായെന്നും, അധികമായി ചെലവഴിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്നും, വരും വർഷങ്ങളിൽ ബജറ്റ് വിലയിരുത്തലും, ബജറ്റ് നിയന്ത്രണത്തിലും ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകി. ബജറ്റ് തയ്യാറാക്കുന്നതിനും, നിയന്ത്രണത്തിനും ശ്രദ്ധിക്കേണ്ടതും, ബജറ്റിൽ വകയിരുത്താതെ ചെലവുകൾ ചെയ്യുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി |
|---|---|
| 31.7.2021 | 23.06.2021 |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents മായി പൊരുത്തപ്പെടുന്നില്ല.

3) Stock In Hand (Inventories) മൂല്യം സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2021 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5) വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) ഉൾപ്പെടുത്തിയിട്ടില്ല.

6) ബാലൻസ് ഷീറ്റ് ബി 11എ പ്രകാരം ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 10,04,998/- രൂപ ആണ്. എ.ഇ. യുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 11,81,554/- രൂപയുമാണ്.

7) ഇ.എം.എസ്. വായ്പ്പാ തിരിച്ചടവ് വാർഷിക കണക്കുകളും ലോൺ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. ലോൺ രജിസ്റ്റർ പ്രകാരം 05.05.2020 തീയതിയിൽ വായ്പ ക്ലോസ് ചെയ്തിട്ടുണ്ട്. വാർഷിക കണക്കുകളിൽ 31.03.2021 ൽ 2,70,403/- രൂപ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു

| | മുന്നിരുപ്പ് തുക | തൻ വർഷ തിരിച്ചടവ് | നീക്കിയിരുപ്പ് തുക |
|---|---|---|---|
| വാർഷിക കണക്കുകൾ പ്രകാരം | 358523 | 88120 | 270403 |
| ലോൺ രജിസ്റ്റർ പ്രകാരം | 88120 | 88120 | 0 |

8) ഇടെണ്ടർ ഫാറവിലയിനത്തിൽ ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുണ്ടായിരുന്ന തുക സംബന്ധിച്ച വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9) ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവു ചെലവു വിശദാംശം പൊരുത്തപ്പെടുന്നില്ല

| | മുന്നിരുപ്പ് | തൻവർഷ വരവ് (ആർപി 7, 31 പ്രകാരം) | തൻ വർഷ ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരുപ്പ് |
|---|---|---|---|---|
| വാർഷിക കണക്കുകൾ പ്രകാരം | 3344396 | 4883200 | 1925190 | 4597406 |

10) ബാലൻസ് ഷീറ്റ് ബി5 ഷെഡ്യൂൾ (95493070) എന്നത് ബി16 ഷെഡ്യൂളുമായി (95515366) പൊരുത്തപ്പെടുന്നില്ല.

11) 2020-21 സാമ്പത്തിക വർഷത്തിൽ തൊഴിൽ രഹിത വേതനമിനത്തിൽ 1,14,000/- രൂപയും, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായമിനത്തിൽ 1,20,000/- രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ചെലവ് റസീപ്റ്റ്സ്& പേമെന്റ്സിൽ ഉൾപ്പെട്ടിട്ടില്ല.

12) വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ വാർഷിക കണക്കുകളും, രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി

ലൈസൻസ് ഫീ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്കുകൾ പ്രകാരം (തൻവർഷം) | 282900 | 282900 | 0 |
| വാർഷിക കണക്കുകൾ പ്രകാരം(അഡ്വാൻസ്) | - | 191500 | - |
| ആകെ വരവ് | | 474400 | |
| രജിസ്റ്റർ പ്രകാരം ആകെ വരവ് | | 414440 | |

തൊഴിൽ നികുതി (ജീവനക്കാർ), തൊഴിൽ നികുതി (ട്രേഡേഴ്സ്/ ഇൻസ്റ്റിറ്റ്യൂഷൻസ്) ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളും ഇപ്രകാരം പൊരുത്തപ്പെടുന്നില്ല.

13) ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ നീക്കിയിരുപ്പുകൾ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരുപ്പ് | വാർഷിക കണക്കുകൾ/ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരുപ്പ് |
|---|---|---|
| എസ്.ബി.ഐ. ഇ പേ | 3972576.5 | 3998539 |
| എസ്.ബി.ഐ. തനത് | 9250452 | 9247778 |
| പള്ളിച്ചൽ ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 5736897 | 5709169 |

അക്കൗണ്ടുകളുമായി ബന്ധപ്പെട്ട റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ലഭ്യമായില്ല.

14) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം ബാങ്ക് ബുക്കുകൾ ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഓരോ മാസവും പൊരുത്തപ്പെടുത്തി അക്കൗണ്ടിന്റെ യഥാർത്ഥ നീക്കിയിരുപ്പിലെത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയില്ല.

15) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി ക്യാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരുപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല.

16) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ്സ് രജിസ്റ്റർ തുടങ്ങിയവ പരിപാലിക്കാത്തതിനാൽ ഈയിനത്തിലെ വിശദാംശങ്ങളുടെ കൃത്യ പരിശോധിക്കാനായില്ല.

17) 2020-21 പ്രോപ്പർട്ടി ടാക്സിന്റെ സഞ്ചയ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

18) വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്കായി സംരക്ഷണ ഗ്രാന്റിന്റെ രണ്ടാം ഗഡുവിൽ നിന്നും 79,378/- രൂപ സർക്കാർ കുറവു വരുത്തിയിരുന്നു. പ്രസ്തുത തുക ചെലവായി സുലേഖയിൽ ഉൾപ്പെടുത്തിയില്ല

19) I18- Prior Period Income -280100104 Property Tax On Non Residential Buildings ഹെഡിൽ 1139270/- രൂപ ബുക്ക് ചെയ്ത് ഡിമാന്റ് കുറവു വരുത്തിയിട്ടുണ്ട്. ഇതിനാധാരമായ രേഖകൾ, ഭരണസമിതി തീരുമാനങ്ങൾ ലഭ്യമാക്കിയില്ല.

20) എം.എൻ.ആർ.ഇ.ജി.എസ് വാർഷിക കണക്കുകളും ക്യാഷ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | വരവ് | ചെലവ് |
|---|---|---|
| ക്യാഷ് ബുക്ക് പ്രകാരം | 1796579 | 2058635 |

| | | |
|---|---|---|
| വാർഷിക ധനകാര്യപത്രിക പ്രകാരം | 1808215 | 1867015 |

## 1-3 ഗ്രാന്റ് യൂട്ടിലൈസേഷൻ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ക്യൂ ബിൽ | ലാപ്സായ തുക/ നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21085565 | 21085565 | 27757927 | - | -6672362 | 132% |
| വികസനഫണ്ട് എസ്.സി.പി. | 0 | 15969522 | 15969522 | 16434875 | - | -465353 | 103% |
| വികസനഫണ്ട് റ്റി.എസ്.പി. | 0 | 142667 | 142667 | 29333 | - | 113334 | 21% |
| സി.എഫ്.സി. ടൈഡ് | 0 | 12960000 | 12960000 | 1674731 | - | 11285269 | 13% |
| സി.എഫ്.സി. അൺടൈഡ് | 0 | 26889266 | 26889266 | 16848246 | - | 10041020 | 63% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 45954000 | 45954000 | 44199086 | - | 1754914 | 96% |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 7768622 | 7768622 | 7679735 | - | 88887 | 99% |

* വികസന ഫണ്ട് (പൊതുവിഭാഗം), വികസനഫണ്ട് എസ്.സി.പി. എന്നിവയുടെ ചെലവ് വരവിലും അധികമായി രേഖപ്പെടുത്തിയിരിക്കുന്നു. വികസനഫണ്ട് അലോട്ട്മെന്റ് ആയി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന തുക പൂർണ്ണമായും എ.സി.ആർ ൽ ഉൾപ്പെടുത്തുന്നില്ല. ലൈഫ് വായ്പ, മറ്റ് കുടിശ്ശികകൾ എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്നത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക കുറച്ചശേഷമുള്ള അറ്റതുകയാണ് അലോട്ട്മെന്റായി ബുക്ക് ചെയ്തിട്ടുള്ളത്. സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക ഗ്രാമപഞ്ചായത്ത് പദ്ധതി ചെലവായി ഉൾപ്പെടുത്തുന്നുണ്ട്. ആയതിനാൽ ചെലവ് വരവിലും അധികമായി രേഖപ്പെടുത്തപ്പെടുന്നു.

** ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവുകൾ സർക്കാർ ഉത്തരവുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവു പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

എ) വരവ്

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 21085565 | 29586000 |
| വികസനഫണ്ട് (എസ്.സി.പി) | 15969522 | 16994698 |
| വികസനഫണ്ട് (റ്റി.എസ്.പി) | 142667 | 172000 |
| മെയിന്റനൻസ് റോഡിതരം | 7768622 | 7848000 |

ബി) ചെലവ്

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ, വാർഷിക കണക്കുകൾ | സുലേഖ പ്രകാരം |
|---|---|---|---|

| | | പ്രകാരം | |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 27757927 | 21072692 | 27757927 |
| വികസനഫണ്ട് (എസ്.സി.പി) | 16434875 | 15409699 | 16434875 |
| വികസനഫണ്ട് (റ്റി.എസ്.പി) | 29333 | 0 | 29333 |

*** കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-3-1 സംയുക്ത പ്രോജക്ടുകൾ-ഫണ്ട് വിനിയോഗം-അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുകയാണ്. വിശദാംശം ചുവടെ.

| ഫണ്ടിനം | 31.03.2021 ലെ നീക്കിയിരുപ്പ് |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 4597406 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 18104 |
| ഗുണഭോക്തൃ വിഹിതം | 2325252 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 1 ന് മറുപടി ലഭ്യമാക്കിയില്ല. നീക്കിയിരുപ്പ് തുകകൾ ബന്ധപ്പെട്ട ഹെഡിലേക്ക് ഒടുക്കേണ്ടതാണ്.

1-3-2 ബനിഫിഷറി കോൺട്രിബ്യൂഷൻ തുക ചെലവഴിച്ചിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം 320800101 ബനിഫിഷറി കോൺട്രിബ്യൂഷൻ മുന്നിരുപ്പ് 36,880/- രൂപയും, തൻ വർഷ കളക്ഷൻ 2288372/- രൂപയുമാണ്. തൻ വർഷ വരവ് വിശദാംശം ചുവടെ.

കൃഷി ഓഫീസറുടെ പ്രോജക്ടുകളുമായി ബന്ധപ്പെട്ട വരവ് - 237377

ജലജീവൻ മിഷനുമായി ബന്ധപ്പെട്ട വരവ് - 20,46,175

ബയോ ഗ്യാസ്, കിച്ചൺ ബിൻ - 4820

തൻ വർഷം ഈയിനത്തിൽ തുക ചെലവു ചെയ്തിട്ടില്ല. 31.03.2021 ലെ ബനിഫിഷറി കോൺട്രിബ്യൂഷൻ നീക്കിയിരുപ്പ് 2325252/- രൂപയാണ്. കൃഷി ഓഫീസറുടെ പദ്ധതികൾക്കായി ലഭിച്ച ഗുണഭോക്തൃ വിഹിതം 2021-22 സാമ്പത്തിക വർഷത്തിൽ ചെലവു ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ സൂക്ഷിച്ചിട്ടുള്ളതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 379 | 343548427 | 310 | 170476645 | - | 69 |

തൻ വർഷം നടപ്പാക്കുന്നതിന് 379 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 310 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ആകെ വകയിരുത്തിയ തുകയുടെ 50% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളു. വിവിധ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ലഭ്യമാക്കുന്ന പദ്ധതിപ്പണം പരാമവധി ജനോപകാരപ്രദവും വികസനോന്മുഖവുമായ രീതിയിൽ പൂർണമായി ചെലവഴിക്കാൻ ശ്രമിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-5 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (വാർഷിക കണക്കു കൾ പ്രകാരം) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 114000 | |
| കർഷകതൊഴിലാളി പെൻഷൻ | 5348300 | |
| വിധവ പെൻഷൻ | 33513800 | |
| വാർദ്ധക്യകാലപെൻഷൻ | 60045500 | |
| വികലാംഗപെൻഷൻ | 8376400 | |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 877800 | |
| വിവാഹധനസഹായം | 120000 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | യഥാർത്ഥ നീക്കിയിരിപ്പ് (AFS പ്രകാരം |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 269176 | 1808215 | 2077391 | 1867015 | 7120* | 7120 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 73627890 | 73627890 | 73627890 | 0 | |
| ആകെ | 269176 | 75436105 | 75705281 | 75494905 | 210376 | 7120 |

*ധനകാര്യപത്രിക പ്രകാരമുള്ള വരവ്, ചെലവ് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല

കാഷ് ബുക്ക് പ്രകാരമുള്ള വരവ് 1796579ഉം ചെലവ് 2058635 ഉം ആണ്.

എം.ജി.എൻ.ആർ.ഇ.ജി.എസ്- മെറ്റീരിയൽ വർക്ക് - അപാകതകൾ

1)ബില്ലുകൾ ഹാജരാക്കിയില്ല

വിവിധ പ്രവൃത്തികൾക്കായി മെറ്റീരിയൽ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചിട്ടുണ്ട്.

എന്നാൽ മെറ്റീരിയൽ സപ്ലൈ ചെയ്തതിന്റെ ജി.എസ്.ടി ബിൽ ലഭ്യമാക്കിയിട്ടില്ല.

2) ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

മിനിസ്റ്റി ഓഫ് റൂറൽ ഡവലപ്മെന്റ് 29.11.2010 ലെ നം. J-11060/3/2009-MGNREGA കത്തിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി സാധനസാമഗ്രികൾ സമാഹരിക്കേണ്ടതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം. 93/2012തസ്വഭവ തീയതി 31.03.2012, സ.ഉ.(കൈ) നം.284/2012തസ്വഭവ തീയതി 03.11.2012 ഉത്തരവുകളിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായുള്ള സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം,

വിനിയോഗം എന്നിവ സംബന്ധിച്ച് കേരള സർക്കാരും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തുടർന്ന് സാധനസാമഗ്രികളുടെ സമാഹരണത്തിനായി 2013 ൽ സ്റ്റോർ പർച്ചേസ് മാന്വലും (സ.ഉ. (പി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ. (എം.എസ്)നം. 13/2015/ഐ.റ്റി.ഡി തീയതി 12.05.2015 ഉത്തരവിലൂടെ 5 ലക്ഷം രൂപയിലധികമുള്ള എല്ലാ വാങ്ങലുകൾക്കും ഇ ടെണ്ടർ നടപടികൾ നിർബന്ധമാക്കിയും ഉത്തരവായിട്ടുണ്ട്.

5 ലക്ഷം രൂപയിലധികമുള്ള എല്ലാ വാങ്ങലുകൾക്കും ഇ ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നിരിക്കേ, തൊഴിലുറപ്പ് പദ്ധതിക്കായി സാധനസാമഗ്രികൾ സമാഹരിക്കുന്നതിന് മാന്വൽ ടെണ്ടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ലഭ്യമാക്കിയ രേഖകൾ പ്രകാരം 2019-20 സാമ്പത്തിക വർഷം നടപ്പാക്കേണ്ട 37 ലക്ഷം രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ചിരിക്കുന്ന മെറ്റീരിയൽ പ്രവൃത്തികൾക്ക് പഞ്ചായത്തിന്റെ 23 വാർഡുകളിലേയ്ക്കും 23 മാനവൽ ടെണ്ടറുകളാണ് ക്ഷണിച്ചിരിക്കുന്നത്. ഓരോ ടെണ്ടറിലെയും ആവശ്യമായ സാധനങ്ങൾ ഒരുമിച്ച് ടെണ്ടർ ചെയ്യാതെ ഓരോ പ്രവൃത്തിയ്ക്കും കരാറുകാരനിൽ നിന്നും പ്രത്യേകം ടെണ്ടറുകൾ സ്വീകരിച്ച്, പ്രത്യേകം സെലക്ഷൻ നോട്ടീസ് നൽകി, ഓരോ സൈറ്റിലും സാധനം സപ്ലൈ ചെയ്യുന്നതിന് പ്രത്യേകം കരാറുകൾ ചമച്ചാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്

ഓരോ മാസത്തെയും പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ഇനം, അളവ്, സ്പെസിഫിക്കേഷൻ എന്നിവ തരം തിരിച്ച് പട്ടികപ്പെടുത്തിയ ശേഷം, ഓരോ അർദ്ധ വർഷത്തേക്കും ആവശ്യമായ ആകെ സാധനസാമഗ്രികളുടെ വിവരം ക്രോഡീകരിച്ച്, ഓരോ അർദ്ധവർഷത്തേക്കുമാണ് വാങ്ങലുകൾ നടത്തേണ്ടത്. പരിശോധന നടത്തിയ എല്ലാ ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിലാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

എല്ലാ വർക്കുകളും ഒരുമിച്ച് ഇ- ടെണ്ടർ ക്ഷണിക്കുമ്പോൾ ആരും ടെണ്ടർ സ്വീകരിക്കാതെ പ്രവർത്തികൾ ചെയ്യാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ ബഹു. പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണ് ഓരോ വർക്ക് ആയി ടെണ്ടർ സ്വീകരിച്ചതെന്നാണ് ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയിരിക്കുന്നത് (ഓഡിറ്റ് അന്വേഷണം നം 24/17.05.2022).

ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ ചെലവിലും, സുതാര്യമായ രീതിയിലും ലഭ്യമാക്കുന്നതിനുള്ള എല്ലാ സാധ്യതകളും മേൽ നടപടികളിലൂടെ നഷ്ടമായി. വരും വർഷങ്ങളിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവിന്റെ വിശദാംശം കാഷ്ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റു വരവുകളായി ഉൾപ്പെടുത്തി കണക്ക സൂക്ഷിക്കേണ്ടതാണെങ്കിലും, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിൽ പ്രസ്തുത വരവ് ഉൾപ്പെട്ടിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ ടെണ്ടർ ഫോറ വിറ്റു വരവിനത്തിൽ ഗ്രാമപഞ്ചായത്തിന് 97750/- രൂപ വരവുണ്ട്. പ്രസ്തുത തുക ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ടെണ്ടർ ഫാറവില കൂടി ഉൾപ്പെട്ടതാണ്.

4) കരാറുകാരിൽ നിന്ന് നിയമാനുസൃത റ്റി.ഡി.എസ് ഈടാക്കിയിട്ടില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ 2020-21 വർഷം പേയ്മെന്റ് നൽകിയിട്ടുള്ള മെറ്റീരിയൽ പ്രവൃത്തികൾക്ക്, മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്ന് നിയമാനുസൃത ടി.ഡി.എസ്. ഈടാക്കി ഒടുക്കിയിട്ടില്ല

ലഭ്യമാക്കിയ രേഖകൾ പ്രകാരം വിനോദ്കുമാർ. ആർ എന്ന കരാറുകാരന് 33,49,057/- രൂപ മെറ്റീരിയൽ സപ്ലൈ ചെയ്തതിന് പ്രതിഫലമായി നൽകിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി ബില്ലുകൾ ലഭ്യമാക്കുകയോ ടിയാനിൽ നിന്നും ടി.ഡി.എസ് ഇനത്തിൽ തുക ഈടാക്കുകയോ ചെയ്തിട്ടില്ല.

ശ്രീ വിനോദ്കുമാറിന് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കരാറുകാരൻ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | നൽകിയ തുക |
|---|---|---|---|
| വിനോദ്കുമാർ. ആർ | കുരച്ചംവിള ഇട റോഡ് കോൺക്രീറ്റിംഗ് | 103850 | 66572 |
| | കുഞ്ഞുവിളാകം ഇടറോഡ് കോൺക്രീറ്റിംഗ് | 138165 | 68367 |
| | മുക്കുനട ദേവി നഗർ റോഡ് കോൺക്രീറ്റിംഗ് | 379393 | 328971 |
| | നെടുങ്കോട്ടുകോണം ഇടറോഡ് കോൺക്രീറ്റിംഗ് | 265134 | 240720 |

| | | | |
|---|---|---|---|
| | തണ്ണിക്കുഴി ക്ഷേത്രറോഡ് കോൺക്രീറ്റിംഗ് | 372131 | 353023 |
| | വലിയവിളാകം റോഡ് കോൺക്രീറ്റിംഗ് | 50125 | 44274 |
| | ഭഗവതി നട റോഡ് കോൺക്രീറ്റിംഗ് | 222535 | 168690 |
| | ചാത്തലംപാട്ടംകോണം കിഴക്കുകര ഇടറോഡ് കോൺക്രീറ്റിംഗ് | 207338 | 129362 |
| | ചിറ്റിക്കോട് പറയരുകോണം റോഡ് കോൺക്രീറ്റിംഗ് | 357811 | 265866 |
| | മേക്കറക്കോണം കരയ്ക്കാട്ടുവിള റോഡ് കോൺക്രീറ്റിംഗ് | 390073 | 330955 |
| | അയണിമൂട് ഇടറോഡ് കോൺക്രീറ്റിംഗ് | 228284 | 211960 |
| | മൊട്ടമൂട് ചാനൽ റോഡ് കോൺക്രീറ്റിംഗ് | 385969 | 349752 |
| | മണയറ ഇടറോഡ് കോൺക്രീറ്റിംഗ് | 363758 | 261298 |
| | കുറത്തേരി ചെമ്മണ്ണിവിള ഇടറോഡ് കോൺക്രീറ്റിംഗ് | 302007 | 229247 |
| ആകെ | | 3766573 | 3349057 |

MGNREGA AMC ൽ ടി.ഡി.എസിന്റെ കാര്യം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി.ഡി.എസ് പിടിക്കാറില്ലായെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയത്. (നം 24/17.05.2022)

കരാറുകാരനിൽ നിന്നും നിയമാനുസൃത ടി.ഡി.എസ് ഈടാക്കി അടവാക്കേണ്ടതാണ്.

## 1-7 പണം നീക്കിയിരിപ്പ് പരിശോധന

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിന്റെ 2020-2021 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 10.05.2022 തീയതിയിൽ രാവിലെ 09:50 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,102/- രൂപയുടെ കുറവ് ഉണ്ടായിരുന്നു.

09.05.2022 തീയതിൽ സ്വീകരിച്ച തുക: 16286/-

ഓഫീസിൽ ഉണ്ടായിരുന്ന തുക: 15184/-

കുറവ് വന്ന തുക: 1102/-

| രൂപ | എണ്ണം | തുക |
|---|---|---|
| 500 | 22 | 11,000 |
| 200 | 02 | 400 |
| 100 | 36 | 3600 |
| 50 | 02 | 100 |
| 20 | 01 | 20 |
| 10 | 03 | 30 |
| ആകെ | | 15,150/- |

നാണയങ്ങൾ

| | | |
|---|---|---|
| 10 | 01 | 10 |
| 05 | 03 | 15 |
| 02 | 02 | 04 |
| 01 | 05 | 05 |
| ആകെ | | 34 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഇംപ്രസ്റ്റ് തുക ഓഫീസിൽ ഇല്ലാതിരുന്നതിനാൽ പേപ്പർ തുടങ്ങിയ സ്റ്റേഷനറി വസ്തുക്കൾ വാങ്ങാനായി കളക്ഷനിൽ നിന്നുള്ള തുക എടുത്ത് ചെലവഴിച്ചതാണെന്നും, തനത് ഫണ്ടിൽ നിന്നും ടി തുക ചെക്ക് മുഖേന പിൻവലിച്ച് ക്രമീകരിച്ചതായും അറിയിക്കുകയുണ്ടായി. കളക്ഷൻ തുകയിൽ നിന്നും നേരിട്ട് ചെലവ് നടത്തുന്നത് ക്രമവിരുദ്ധമാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

വിവരങ്ങൾ ലഭ്യമാക്കിയില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ഓഫീസ് ജോലി വിഭജനം തൃപ്തികരമാണെങ്കിലും ചില മേഖലകൾ കൂടുതൽ ജാഗ്രതയോടെ പ്രവർത്തനങ്ങൾ നടത്തേണ്ടതും ബജറ്റ്, വാർഷിക ധനകാര്യപത്രിക ഇവയുടെ തയ്യാറാക്കൽ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുകയും അപാകങ്ങൾ ഒഴിവാക്കുകയും വേണം. രസീതുകളുടെ പരിപാലനം, തനത് വരവ് എന്നിവ കൂടുതൽ ശ്രദ്ധ ഊന്നേണ്ട വിഷയമാണ്. പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ/വിവരാവകാശ അപേക്ഷകൾ എന്നിവ സ്വീകരിക്കുന്നതും തീർപ്പ് കല്പിക്കുന്നതും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ പരാതി ലഭിച്ച തീയതി, രസീത് നമ്പർ, സെക്ഷൻ നമ്പർ, തീർപ്പാക്കിയത് സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ എല്ലാ കേസിലും കൃത്യമായി എഴുതി വരുന്നില്ല. വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവയുടെ ഒടുക്ക് വിവരങ്ങൾ അതാത് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. പദ്ധതി നിർവഹണത്തിൽ, മോണിറ്ററിംഗ് സമിതിയുടെ മേൽനോട്ടവും, റിപ്പോർട്ടിംഗും കാര്യക്ഷമമല്ല.

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കൃഷി ഓഫീസർക്ക് ഇഷ്യൂ ചെയ്ത 46441, 19806,19825 (രസീത് നം. 24 മുതൽ 81 വരെ) നമ്പർ രസീത് ബുക്കുകൾ ഉപയോഗിച്ച് തീയതി രേഖപ്പെടുത്താതെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്.
2) 14.07.2020, 30.09.2020, 28.10.2020, 09.11.2020, 12.11.2020, 16.11.2020, 18.11.2020, 19.11.2020., 23.11.2020 തീയതികളിൽ ക്യാൻസൽ ചെയ്ത സാംഖ്യ രസീതുകളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓഫീസിലെ തിരക്ക് കാരണമാണ് ക്യാൻസൽ ചെയ്ത രസീതുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തത് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
3) 1.4.2020 തീയതി മുതൽ 31.4.2020 തീയതി വരെയുള്ള സാഖ്യ രസീതുകളുടെ കൗണ്ടർ ഫോയിലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രസീതുകളുടെ കൗണ്ടർ ഫോയിലുകൾ എത്രയും വേഗം കണ്ടെത്തി പരിശോധനയ്ക്ക് ഹാജരാക്കുമെന്ന് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ തീയതികളിലെ വരവിനങ്ങളിലെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.
4) 12.10.2020 തീയതിയിലെ ആകെ വരവായ 40111/- രൂപ 13.10.2020,27.10.2020

തീയതികളിൽ യഥാക്രമം 38111/-രൂപ, 2000/-രൂപ വീതം ബാങ്കിൽ അടച്ചിരിക്കുന്നു.

5) രസീത് ബുക്ക് 46443ലെ രസീത് നം 56 ൽ 300/- രൂപ കളക്ഷൻ ഉണ്ട്. ഇത് ക്യാൻസൽ ചെയ്യുകയോ തുക പഞ്ചായത്തിൽ അടവാക്കുകയോ ചെയ്തിരുന്നില്ല. ടി അപാകം ഓഡിറ്റ് കണ്ടെത്തിയതിനു ശേഷം തുക അടവാക്കി(രസീത് നം.1220300499,18.5.2022).
6) ഔട്ട്ഡോർ കളക്ഷന് നൽകിയ 19807,19812,19815,19824 എന്നീ നമ്പരുകളിലെ രസീതു ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ രസീതുബുക്ക് ഉപയോഗിച്ച് കളക്ട് ചെയ്ത തുകയുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.
7) ഔട്ട്ഡോർ കളക്ഷന് നൽകിയ 19811 എന്ന നംമ്പരിലെ രസീതുബുക്കിന്റെ കളക്ഷൻ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഔട്ട് ഡോർ കളക്ഷൻ ഫ്രണ്ട് ഓഫീസിൽ അടച്ചതിന്റെ സാംഖ്യ ഡെ ബുക്ക് ആണ് നൽകിയത്.

ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. (5 തീയതി 11.5.2022, 36 തീയതി 18.5.2022)

## 1-11 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2020-21 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്തതിൽ അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ ജോലി ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 13/11.05.2022 ന് ലഭ്യമാക്കിയ മറുപടിയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും

തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-12 ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിൽ ലൈസൻസ് ഫീ ഈടാക്കിയില്ല

സ.ഉ.(പി)നം.80/17/തസ്വഭവ തീയതി 31.10.2017 കേരള പഞ്ചായത്ത് രാജ് (അപകടകരവും, അസഹ്യവുമായ വ്യാപാരങ്ങൾ, ഫാക്ടറികൾ/ലൈസൻസ്) ചട്ടങ്ങളിലെ പട്ടിക II പ്രകാരം ഉത്പാദന/സേവന മേഖലകളിലെ മൂലധന നിക്ഷേപത്തിന് 31.10.2017 മുതൽ ഈടാക്കേണ്ടുന്ന കുറഞ്ഞ ലൈസൻസ് ഫീസ് 500/- രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇതിലും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ.

| രജിസ്റ്ററിലെ ക്രമനം | ലൈസൻസീ | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|
| 39 | ശിവപ്രിയ എ എസ് | മാടിമോണി | 300 |
| 54 | രാജശേഖരൻനായർ | ടെയിലറിംഗ് | 200 |
| 68 | ചന്ദ്രകുമാർ.എസ്.ഡി | ESDEE ബിൽഡേഴ്സ് & ഡവലപ്പേഴ്സ് | 300 |

ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ നികുതികൾ/ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലെ അപാകങ്ങൾ

എ) ഗ്രാമപഞ്ചായത്തു പ്രദേശത്തെ മേഖലാവിഭജനം നടത്തിയതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മേഖലാ വിഭജനം നടത്തിയതു സംബന്ധിച്ച രേഖകൾ, ബന്ധപ്പെട്ട ഭരണസമിതി തീരുമാനം, വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തുടങ്ങിയവ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/13.05.2022) ഭരണസമിതി തീരുമാനത്തിലൂടെ മേഖലാ വിഭജനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് വസ്തു നികുതി നിലവിൽ നിർണ്ണയിക്കുന്നത് എന്നു മറുപടി നൽകിയെങ്കിലും പ്രസ്തുത തീരുമാനമോ, മേഖലാ തിരിച്ചതു സംബന്ധിച്ച രേഖകളോ ലഭ്യമാക്കിയില്ല

ഏതൊക്കെ പ്രദേശങ്ങളെ ഏതൊക്കെ മേഖലകളിൽ ഉൾപ്പെടുത്തി എന്നതു വ്യക്തമല്ല. നിലവിൽ വസ്തു നികുതി ഈടാക്കുന്നതിനുള്ള മാനദണ്ഡം 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ആണ്. ഇതനുസരിച്ചുള്ള മേഖലാ വിഭജന രേഖകൾ വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാന രേഖകളായി ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതും, ഓഡിറ്റ് പരിശോധനക്കു ലഭ്യമാക്കേണ്ടതും അനിവാര്യമാണ്.

ഇത്തരം രേഖകൾ അടിസ്ഥാനമാക്കാതെ ഗ്രാമപഞ്ചായത്ത് വസ്തു നികുതി നിർണ്ണയിക്കുന്നതിൽ ഒട്ടനവധി അപാകതകളുണ്ട്. ഉദാഹരണങ്ങൾ ..

ബി) ഒരേ പ്രദേശത്തെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു .

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണയം നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| കെട്ടിട നം | ഉടമസ്ഥൻ | അപാകത |
|---|---|---|
| 17/325എ | രാജേന്ദ്രൻ | പ്ലാൻ പ്രകാരം മൊട്ടമൂട്- പള്ളിച്ചൽ റോഡ് 5മീ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉണ്ട്. സഞ്ചയയിൽ ദ്വിതീയം വഴി സൗകര്യം 1.5 മീറ്ററിൽ കൂടുതൽ രേഖപ്പെടുത്തി ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സമീപമുള്ള 17/325, 17/324, 17/326 കെട്ടിടങ്ങൾക്ക് സഞ്ചയയിൽ പ്രഥമം, 5 മീറ്റർ വഴി സൗകര്യവും രേഖപ്പെടുത്തിയിരിക്കുന്നു. |

| | | |
|---|---|---|
| 3/394എ | അനന്തു ഗോകൽ | പ്ലാൻ പ്രകാരം 6 മീ വീതിയുള്ള മൂക്കനട മച്ചേൽ റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉണ്ട്. സഞ്ചയയിൽ മേഖല ദ്വിതീയം വഴി സൗകര്യം 1.5 മീറ്ററിൽ കൂടുതൽ രേഖപ്പെടുത്തി ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സമീപമുള്ള 3/394, 3/395, 3/396 കെട്ടിടങ്ങൾക്ക് സഞ്ചയയിൽ പ്രഥമം, 5 മീറ്റർ വഴി സൗകര്യവും രേഖപ്പെടുത്തിയിരിക്കുന്നു. |
| 11/690എ | അനിൽ കുമാർ ലതകുമാരി | പ്ലാൻ പ്രകാരം 5 മീ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉണ്ട്. സഞ്ചയയിൽ മേഖല ത്രിതീയം എന്നും, വഴി സൗകര്യം 1.5 മീറ്ററിൽ കുറവ് എന്നും രേഖപ്പെടുത്തി ആകെ 30% ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സമീപമുള്ള 11/690, 11/691 കെട്ടിടങ്ങൾക്ക് സഞ്ചയയിൽ ദ്വിതീയം, 5 മീറ്റർ വഴി സൗകര്യവും രേഖപ്പെടുത്തിയിരിക്കുന്നു. |

സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണയം നടത്തിയതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.18/13.05.2022, 22/17.05.2022) സഞ്ചയ ഡാറ്റാ എൻട്രിയിൽ വന്ന പിഴവ് പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും, വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകി.

സി) വസ്തു നികുതി ഈടാക്കിയതിൽ കുറവ്

2020-21 ൽ വസ്തു നികുതി നിർണ്ണയം നടത്തിയ ഏതാനും അപേക്ഷകൾ തെരഞ്ഞെടുത്ത് പരിശോധിച്ചതിൽ കെട്ടിടത്തിന്റെ വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ ഇളവ് അനുവദിച്ചതായി കാണുകയുണ്ടായി. വിശദാംശം ചുവടെ.

| കെട്ടിട നം | ഉടമസ്ഥൻ | അപാകത |
|---|---|---|
| 19/151എ | രാജു കെ ശകുന്തള | പ്ലാൻ പ്രകാരം 8മീ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉണ്ട്. സഞ്ചയയിൽ വഴി സൗകര്യം 1.5 മീറ്ററിൽ കൂടുതൽ രേഖപ്പെടുത്തി ഇളവ് അനുവദിച്ചിട്ടുണ്ട്. |
| 16/2എ | ഗോപകുമാർ സജികുമാർ | പ്ലാൻ പ്രകാരം 5മീ വീതിയുള്ള മലവിള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉണ്ട്. സഞ്ചയയിൽ മേഖല ദ്വിതീയം വഴി സൗകര്യം 1.5 മീറ്ററിൽ കൂടുതൽ രേഖപ്പെടുത്തി ഇളവ് അനുവദിച്ചിട്ടുണ്ട്. |
| 12/463എ 12/463 ബി 12/463 സി | രാമചന്ദ്രൻ നായർ | പ്ലാൻ പ്രകാരം 6.2മീ വീതിയുള്ള ഇട്ടുവ റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉണ്ട്. സഞ്ചയയിൽ മേഖല ദ്വിതീയം വഴി സൗകര്യം 1.5 മീറ്ററിൽ കൂടുതൽ രേഖപ്പെടുത്തി ഇളവ് അനുവദിച്ചിട്ടുണ്ട്. |
| 18/919 സി | അജികുമാർ എ ബീനാമോൾ എം.എ | പ്ലാൻ പ്രകാരം 5മീ വീതിയുള്ള പ്രാവച്ചമ്പലം-ഈരുട്ടമ്പലം റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉണ്ട്. സഞ്ചയയിൽ മേഖല ദ്വിതീയം വഴി സൗകര്യം 1.5 മീറ്ററിൽ കൂടുതൽ രേഖപ്പെടുത്തി ഇളവ് അനുവദിച്ചിട്ടുണ്ട്. |

നികുതി കുറവായി ഈടാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/13.05.2022, 22/17.05.2022) സഞ്ചയ ഡാറ്റാ എൻട്രിയിൽ നികുതി നിർണ്ണയിച്ചതിൽ വന്ന അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും, വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകി.

ഗ്രാമപഞ്ചായത്തിലെ മേഖലാ വിഭജനം, റോഡുകളുടെ തരംതിരിവ് സംബന്ധിച്ച വ്യക്തമായ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതാണ് മേൽ അപാകതകളുടെ മുഖ്യകാരണം. ആയതിനാൽ പ്രസ്തുത രേഖകൾ ആധികാരികമാക്കി സൂക്ഷിക്കേണ്ടതും നികുതി നിർണ്ണയത്തിന് ആധാരമാക്കേണ്ടതുമാണ്. പ്രസ്തുത രേഖകളുടെ അടിസ്ഥാനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ എല്ലാ വാർഡുകളിലെയും കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ പുനർപരിശോധിക്കേണ്ടതും, അപാകതകൾ പരിഹരിച്ച് കെട്ടിടത്തിന്റെ നം., പഴയ നികുതി, പുതുക്കിയ

നികുതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വാർഡ് തിരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന റേഷൻ സ്ഥാപനങ്ങൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2020-21 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ച് നൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 13/11.05.2022 ന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 17 റേഷൻ കടകൾ പ്രവർത്തിച്ചുവരുന്നതായും, മുൻ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിലേക്കായി നോട്ടീസ് നൽകിയെങ്കിലും, സ്ഥാപനങ്ങൾ ഇതുവരെയും ലൈസൻസ് എടുത്തിട്ടില്ലാത്തതായും മറുപടി നൽകി.

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്. റേഷൻ കടകൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന വിവരം സിവിൽ സപ്ലൈസ് കമ്മീഷണറുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 സർക്കാർ അനുമതി കൂടാതെ സബ് സെന്റർ ക്ലിനിക്കൽ ലാബുകൾ സ്ഥാപിച്ച് ജീവനക്കാരെ നിയോഗിച്ചിരിക്കുന്നു.

വാർഷിക കണക്കുകളിലെ ആർപി 6 ഹെഡ് 151100107 Receipts From Transferred Institutions - Allopathy പ്രകാരം ഗ്രാമപഞ്ചായത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ 1,15,080/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. ഇതിൽ 67,770/- ഗ്രാമപഞ്ചായത്തിലെ 3 ക്ലിനിക്കൽ ലാബുകളിൽ നിന്നും ലഭിച്ചതാണ്. വിശദാംശം ചുവടെ.

| സ്ഥാപനം | വരവ് തുക |
|---|---:|
| സബ് സെന്റർ ക്ലിനിക്കൽ ലാബ്, പള്ളിച്ചൽ | 7410 |
| സബ് സെന്റർ ക്ലിനിക്കൽ ലാബ്, ഭഗവതിനട | 53030 |
| സബ് സെന്റർ ക്ലിനിക്കൽ ലാബ്, നരുവാമൂട് | 7330 |
| ആകെ | 67770 |

മേൽ ലാബുകളുടെ പ്രവർത്തനം സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമായില്ല.

എ) ലാബുകൾ ആരംഭിച്ചത് സംബന്ധിച്ച ഭരണസമിതി തീരുമാനം.

ബി) ലാബുകൾ ആരംഭിക്കുന്നതിനും, ജീവനക്കാരെ നിയോഗിക്കുന്നതിനും സർക്കാർ അനുമതി ലഭ്യമായതു സംബന്ധിച്ച രേഖകൾ.

മേൽ രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/16.05.2022) മറുപടി ലഭ്യമായില്ല. മേൽ ക്ലിനിക്കുകളിലെ ജീവനക്കാരുടെ വേതനമിനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ തനതു ഫണ്ടിൽ നിന്നും 3,36,746/- രൂപ വിനിയോഗിച്ചിട്ടുണ്ട് (പ്രോ. നം. 206/21). ഗ്രാമപഞ്ചായത്ത് പരിസരത്ത് ആവശ്യമായ ആരോഗ്യ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് ആരോഗ്യ വകുപ്പാണ്. ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതും, മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനാണ് പദ്ധതി മാർഗ്ഗരേഖകളിലൂടെ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. സർക്കാർ അനുമതി കൂടാതെയും, ആരോഗ്യ വകുപ്പ് മുഖാന്തിരമല്ലാതെയും മേൽ പ്രകാരം സബ് സെന്റർ ക്ലിനിക്കൽ ലാബുകൾ സ്ഥാപിച്ച്, ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനം നടത്തുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 19 ന് ലാബുകൾ പ്രവർത്തനം ആരംഭിച്ച തീരുമാനം ഉള്ളടക്കം ചെയ്യുന്ന എന്ന് മറുപടി ലഭ്യമാക്കി എങ്കിലും ഉള്ളടക്കം ചെയ്തിട്ടില്ല. മേൽ പ്രകാരമുള്ള ക്ലിനിക്കൽ ലാബുകളുടെ നടത്തിപ്പിനും, ജീവനക്കാരെ നിയമിച്ച് വേതനം അനുവദിക്കുന്നതിനും അടിയന്തിരമായി സർക്കാർ അനുമതി നേടേണ്ടതും തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-16 വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫാക്ടറി വ്യാപാര ലൈസൻസിനു വേണ്ടിയുള്ള അപേക്ഷയിൽ ചില സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടും അത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷത്തെയും) ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ.

| സ്ഥാപനങ്ങളുടെ പേര് | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം |
|---|---|
| വുഡ് ടെക് ഇൻഡസ്ട്രീസ് | 15 |
| ഹൈമാർട്ട് ഹൈപ്പർ മാർക്കറ്റ് | 5 |
| രാജാസ് മാർജിൻ ഫ്രീ മാർക്കറ്റ് | 4 |
| ആനന്ദ് കണ്ണാശുപത്രി | 4 |
| കെ.റ്റി.ഡി.സി. റസ്റ്റാറൻറ് | 4 |
| ഹസീന ഇൻഡേൻ സർവീസസ് ഗ്യാസ് ഏജൻസി | 4 |
| ഹോട്ടൽ ആനന്ദ് | 4 |
| മീനാസ് ബേക്കറി& റസ്റ്റാറന്റ് | 5 |
| സായ് ഫ്യൂവൽസ് പുന്നമൂട് | 5 |
| ഡി മേക്രോൺസ് ബേക്കറി യൂണിറ്റ് | 5 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/11.05.2022) ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ തൊഴിൽ നികുതി മുൻ കാല പ്രാബല്യത്തോടെ ഈടാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ആയുർവേദ മരുന്നുകൾ - ഔഷധി കരാർ തീയതിക്കു ശേഷം മരുന്ന് നൽകുന്നു.

പദ്ധതി നമ്പർ :195/2020

പദ്ധതിയുടെ പേര് : ആയുഷ് എൻ.എച്ച്.എം./ആയുർവേദ പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക :15,00,000/-

ചെലവ് തുക :15,00,000/-

ഫണ്ടിനം : മെയിൻ്റനൻസ് ഫണ്ട്

ബിൽ നമ്പർ: തീയതി, തുക :02/19.08.2020, 15,00,000/-

മരുന്നുകളുടെ വിലയായി 15,00,000/-രൂപ 25.08.2020 ഔഷധിക്ക് നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരമാണ് മരുന്നുകൾ ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90159638 | 17.04.2020 | 61,532 | 20.04.2020 |
| 90160070 | 27.04.2020 | 58,698 | 28.04.2020 |
| 90160071 | 27.04.2020 | 13,468 | 28.04.2020 |
| 90161474 | 21.05.2020 | 41,303 | 22.05.2020 |

| | | | |
|---|---|---|---|
| 90178495 | 29.08.2020 | 9,47,109 | 19.09.2020 |
| 90178413 | 29.08.2020 | 96,579 | 19.09.2020 |
| 90181204 | 29.09.2020 | 32,031 | 08.10.2020 |
| 90181718 | 30.09.2020 | 21,937 | 08.10.2020 |
| 90185686 | 30.10.2020 | 12,768 | 27.11.2020 |
| 90189345 | 28.11.2020 | 58,124 | 12.12.2020 |
| 90192479 | 24.12.2020 | 44,336 | 20.01.2021 |
| 90196204 | 27.01.2021 | 49,363 | 20.02.2021 |
| 90195650 | 22.01.2021 | 62,753 | 22.01.2021 |
| | | 15,00,001/- | |

നിർവ്വഹണ ഉദ്യോഗസ്ഥനും ഔഷധിയുമായി 25.08.2020 ൽ ഏർപ്പെട്ട കരാറിന്റെ ഒന്നാമത്തെ നിബന്ധന പ്രകാരം വില നൽകി 60 ദിവസത്തിനകം പൂർണ്ണമായും വിതരണം ചെയ്യുമെന്നും അല്ലാത്തപക്ഷം നഷ്ടോത്തരവാദിത്വം ഔഷധി വഹിക്കുമെന്നുമാണ്. മരുന്ന് വിതരണത്തിൽ താമസം വരുത്തിയത് കരാർ ലംഘനമാണ്. അവശ്യ സേവനമായ ആതുര ശുശ്രൂഷാരംഗത്ത് സാധാരണക്കാരന് സേവനം കൃത്യസമയം ലഭ്യമാകുന്നുവെന്ന് നിർവ്വണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 1-18 മരുന്നുകൾ കാലഹരണ തീയതി കഴിഞ്ഞ് വിതരണം ചെയ്യുന്നു. ആരോഗ്യസംരക്ഷണ മേഖലയിലെ ഗുരുതരമായ അപാകം

പദ്ധതി നമ്പർ : 195/2020
പദ്ധതിയുടെപേര് : ആയുഷ് എൻ.എച്ച്.എം ആയുർവേദ ക്ക് മരുന്ന് വാങ്ങൽ.
അടങ്കൽ തുക : 15,00,000/-
ചെലവ് തുക : 15,00,000/-
ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ: തീയതി, തുക :02/19.08.2020, 15,00,000/-
ചുവടെ ചേർക്കുന്ന മരുന്നുകൾ അവയുടെ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തിട്ടുണ്ട്.

| മരുന്നിന്റെ പേര് | ബിൽ നമ്പർ | തീയതി | കാലഹരണ തീയതി | മരുന്നു വിതരണം ചെയ്ത തീയതി |
|---|---|---|---|---|
| ജഢാമയാദിലേപ ചൂർണ്ണം(50 പായ്ക്കറ്റ്) | 90178495 | 29.08.2020 | 02/2021 | 05.03.2021 |

മരുന്നുകൾ കാലഹരണ തീയതി കഴിഞ്ഞ് വിതരണം ചെയ്യാനുണ്ടായ സാഹചര്യം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പ്രസ്തുത മരുന്നുകൾ അപ്രകാരം വിതരണം ചെയ്തിട്ടില്ലെന്ന് ഉറപ്പാക്കാവുന്ന രേഖകൾ ഹാജരാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. ഔഷധിയിൽ നിന്നും ലഭ്യമായ മരുന്നിന്റെ പായ്ക്കറ്റിൽ രേഖപ്പെടുത്തിയിരുന്ന കാലഹരണ തീയതി മാറിയതാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതെങ്കിലും, ഔഷധിയുടെ തന്നെ മറുപടിയിൽ കാലഹരണ തീയതി ഓഡിറ്റ് അന്വേഷണത്തിൽ പറഞ്ഞിരിക്കുന്ന തീയതി തന്നെയാണ്. മരുന്നുകൾ അവയുടെ കാലഹരണ തീയതി കഴിഞ്ഞ് വിതരണം ചെയ്യുന്നത് വളരെ ഗുരുതരമായ കുറ്റമാണ്. ഇത്തരം കാര്യങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ അതീവ ജാഗ്രത പുലർത്തേണ്ടിയിരുന്നു.

## 1-19 ലൈഫ്-പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

ലൈഫ് പദ്ധതിയിൽ ഗുണഭോക്താവുമായുള്ള കരാർ പ്രകാരം ഒന്നാം ഗഡു സ്വീകരിച്ച് ഒരു വർഷത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്. എന്നാൽ പരിശോധനയ്ക്ക് നൽകിയ രേഖകൾ പ്രകാരം ചുവടെ വിവരിക്കുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു സ്വീകരിച്ച് ഒരു വർഷത്തിലധികം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല.

| | പേര് | വാർഡ് | ആദ്യ ഗഡു സ്വീകരിച്ച ദിവസം |
|---|---|---|---|
| 1 | ശശികല കെ | 19 | |
| 2 | വത്സല | 21 | 10/2020 |
| 3 | ദീപ എസ് | 18 | 21.01.2021 |
| 4 | ഗോപികാ കൃഷ്ണൻ | 18 | 10/2020 |
| 5 | ജുമൈല | 23 | 12/2020 |

| | | | |
|---|---|---|---|
| 6 | മിനി ആർ.എസ് | 7 | 08.01.2020 |
| 7 | അജിതാ രാജൻ | X | 12/2020 |
| 8 | അനിതകുമാരി ഡി കെ | 8 | 30.07.2018 |
| 9 | സുചിത്ര | XVII | 10.12.2020 |
| 10 | ഉഷകുമാരി | XVII | 12/2020 |
| 11 | മഞ്ജു | XVII, | 16.09.2018 |
| 12 | ശ്രീജ വി | XVII, | 19.09.2018 |
| 13 | രാധ | 12/2020 | |
| 14 | അമ്പിളി എസ് | XV | 03/2020 |
| 15 | വസന്ത | IX | 13.08 2018 |
| 16 | രമ്യ ആർ എസ് | IX | 30.07.2018 |
| 17 | വിജയൻ വി | 1 | 31.01.2020 |
| 18 | ബൈജു എസ് | 1 | 20.08.2018 |
| 19 | രേവതി റ്റി | | 01/2021 |
| 20 | തങ്കമ്മാൾ വി | XII | 14.08.2018 |
| 21 | തുഷാര എസ് | XXII | (11.10.2018) |
| 22 | അമൽ രാജ് | XII | (31.08.2018) |
| 23 | വൈജയന്തി വി എസ് | X | (18.08.2018) |
| 24 | തങ്കച്ചി പി | X | 18.08.2018 |
| 25 | പ്രതീഷ് കുമാർ | VI | 11.10.2018 |
| 26 | മുരുകൻ | 1 | 14.08.2018 |

## 1-20 ബാധ്യതാ ഹെഡിലെ തുകകൾ ഒടുക്കാതെ തനത് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.

വാർഷിക കണക്കുകളിലെ ബി9 ഷെഡ്യൂൾ പ്രകാരം സർക്കാർ/ഇതര സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കേണ്ടുന്ന തുകകൾ, ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കാതെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. വിശദാംശം ചുവടെ.

| ഹെഡ് | 31.03.2021ലെ നീക്കിയിരുപ്പ് |
|---|---|
| 350200115 Dues To Other Panchayats | 21000 |
| 350300101 Govt And Other Dues Payable Library Cess | 737991 |
| 350300103 Govt And Other Dues Payable VAT | 42447 |
| 350300109 Govt And Other Dues Payable Refund Of Unutilised Grants Of Prior Period | 60000 |
| 350300199 Govt And Other Dues Payable Others | 1548 |
| 350800299 Other Liabilities | 344653 |

മേൽ തുകകൾ ഏതൊക്കെ ഇനങ്ങളിലെ ബാധ്യതകളാണെന്നതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.1/09.05.2022) ബാധ്യത തുകകൾ സർക്കാരിലേക്ക് നടപ്പ് സാമ്പത്തിക വർഷം തിരികെ ഒടുക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ബാധ്യതയായ തുകകൾ ഏതു ഫണ്ടിൽ നിന്നുള്ളതാണെന്ന് ഉറപ്പാക്കി, ബന്ധപ്പെട്ട ഹെഡുകളിലേക്ക് അടിയന്തിരമായി തിരികെ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ്സ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ തുടങ്ങിയവ സൂക്ഷിച്ചിട്ടില്ല. 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് വകയിരുത്തുന്നതിനുള്ള നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നിക്ഷേപ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുന്നില്ല. 2020-21 വാർഷികകണക്കുകൾ പ്രകാരം വാട്ടർ അതോറിറ്റി 50,50,819/- രൂപയുടെയും, വൈദ്യുതി ബോർഡ് 69,75,968/-

രൂപയുടെയും, ഭൂജല വകുപ്പ് 64,224/- രൂപയുടെയും പ്രവൃത്തികൾ പൂർത്തിയാക്കാനവശേഷിക്കുന്നുണ്ട്. രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുക ഏതൊക്കെ പ്രവൃത്തികൾക്കായി നിക്ഷേപിച്ചതാണെന്നോ, എന്നു മുതൽക്കുള്ള പ്രവൃത്തികൾ പൂർത്തിയാക്കുവാനവശേഷിക്കുന്നുണ്ടെന്നോ വ്യക്തമല്ല.

## 1-22 1.21 കോടിയുടെ മുൻകൂറുകൾ ക്രമീകരിക്കാനവശേഷിക്കുന്നു.

വാർഷിക കണക്കുകൾ ബി 18 ഷെഡ്യൂളിൽ ചുവടെ ചേർക്കും പ്രകാരം തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ഹെഡ് കോഡ് | ഇനം | 31.03.2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 460100101 | ഫെസ്റ്റിവൽ അഡ്വാൻസ് | 18000 |
| 460500201 | ഡെപ്പോസിറ്റ് വിത്ത് കെ.ഡബ്ല്യു.എ | 5050819 |
| 460500202 | ഡെപ്പോസിറ്റ് വിത്ത് കെ.എസ്.ഇ.ബി. | 6975968 |
| 460500204 | ഡെപ്പോസിറ്റ് വിത്ത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 64224 |
| ആകെ | | 1,21,09,011 |

ഇതിൽ 18000/- രൂപ ഓണം അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് അനുവദിച്ച ശേഷം തിരികെ ഈടാക്കാത്തതും, 1,20,91,011/- രൂപ വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നിവയിൽ വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച ശേഷം പ്രവൃത്തി പൂർത്തിയാക്കി ക്രമീകരിക്കാത്തവയുമാണ്. ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുകകൾ ഏതൊക്കെ പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ളതാണെന്ന് വ്യക്തമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം, നിക്ഷേപിച്ച നൽകിയതിൽ പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശം, വിനിയോഗ സാക്ഷ്യപത്രം തുടങ്ങിയവ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/09.05.2022) മേൽ പ്രകാരം ചെലവഴിച്ച തുകയുടെ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതായും, ലഭ്യമാകുന്ന മുറയ്ക്ക് അഡ്വാൻസ് ക്രമപ്പെടുത്തുന്നതായും മറുപടി നൽകി.

വിവിധ ആവശ്യങ്ങൾക്കായി നിക്ഷേപിച്ച നൽകിയ ശേഷം ദീർഘകാലമായി പ്രവൃത്തി പൂർത്തീകരിക്കാത്തതും, പൂർത്തീകരണ രേഖകൾ ലഭ്യമാകാത്തതും പദ്ധതി തുകയുടെ ദുർവിനിയോഗമായി തന്നെ വിലയിരുത്താവുന്നതാണ്. ഓണം അഡ്വാൻസ് ഇനത്തിൽ പിരിഞ്ഞു കിട്ടുവാനുള്ള തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും അടിയന്തിരമായി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾക്കായി ഒരു കോടിയിലധികം തുക വിവിധ ഏജൻസികളിൽ നിലനിർത്തിയിരിക്കുന്നതും, പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ, വിനിയോഗ രേഖകൾ ലഭ്യമാകാത്തത് ഭരണ വകുപ്പ് മുഖാന്തിരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, അടിയന്തിരമായി പ്രവൃത്തികൾ പൂർത്തീകരിച്ച് തുക ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക ക്രമപ്പെടുത്തിയ വിശദാംശം (പ്രവൃത്തിയുടെ പേര്, നിക്ഷേപിച്ച തുക, വിനിയോഗിച്ച തുക, നീക്കിയിരുപ്പ് തുക തുടങ്ങിയവയുൾപ്പെടെ) ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-23 സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നത് ക്രമപ്രകാരമല്ല

പദ്ധതി നമ്പർ : 262

പദ്ധതിയുടെ പേര് : ആയുഷ് എൻ.എച്ച്.എം.ആയുർവേദ പി.എച്ച്.സി. ക്ക് ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ തുക : 25,000/-

ചെലവ് തുക : 6,500/-

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്

സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നത് ക്രമപ്രകാരമല്ല. മേൽ പദ്ധതിൽ വാങ്ങിയ ടോക്കൺ ഡിസ്പ്ലേ മെഷീൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിരിക്കുന്നതിൽ മെഷീൻ വാങ്ങിയ സ്ഥാപനത്തിന്റെ പേര്, ബിൽ നമ്പർ, തുക, എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങുന്ന ഫർണീച്ചർ, ആശുപത്രി ഉപകരണങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഉപകരണങ്ങൾ ഏത് ബിൽ പ്രകാരമാണ് വാങ്ങിയതെന്നോ, ആരിൽ നിന്നും വാങ്ങിയതെന്നോ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. സ്റ്റോക്കിലെടുത്ത സാധനങ്ങളുടെ തിരിച്ചറിയൽ നമ്പർ, സ്പെസിഫിക്കേഷൻ എന്നിവയും രേഖപ്പെടുത്തുന്നില്ല.

## 1-24 അനിമൽ ബർത്ത് കൺട്രോൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല

പദ്ധതിയുടെ പേര് : അനിമൽ ബർത്ത് കൺട്രോൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ
പദ്ധതി നമ്പർ : 09/2020
അടങ്കൽ തുക : 52,500/-
ചെലവ് തുക : 52,500/-
ഫണ്ടിനം : വികസന ഫണ്ട്
ബിൽ നമ്പർ, തീയതി, തുക : 21/27.10.2020

വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. പ്രസ്തുത പദ്ധതിക്കായി 52,500/-രൂപ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ചെലവിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല. 27-08-2016 ലെ 45151/RC3/2014/LSGD നമ്പർ സർക്കുലറിലെ ഖണ്ഡിക നം.5 പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകളും ലഭ്യമല്ല. പ്രസ്തുത രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-25 ഭവനപുനരുദ്ധാരണം(എസ്.സി.പി.)- അപാകതകൾ

ഭവന പുനരുദ്ധാരണം, ന്യൂലൈഫ് കോളനി നവീകരണം എന്നീ പ്രോജക്ടുകളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നമ്പർ : 153
പദ്ധതിയുടെ പേര് : ഭവന പുനരുദ്ധാരണം (എസ്.സി.പി.)
അടങ്കൽ തുക : 45,00,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.
ചെലവ് തുക : 36,75,000/-
ഫണ്ടിനം : വികസന ഫണ്ട്
ബിൽ നമ്പർ, തീയതി:
2) പദ്ധതി നമ്പർ:183
പദ്ധതിയുടെ പേര്: ന്യൂ ലൈഫ് കോളനി നവീകരണം - കോട്ടയം മുക്ക് ലക്ഷം വീട്,
ഗാന്ധി നഗർ, ലക്ഷം വീട്, സ്പിൽ ഓവർ ഭവനപുനരുദ്ധാരണം(എസ്.സി.പി.)
അടങ്കൽ തുക:5,60,000/-
ചെലവ് തുക:3,50,000/-
വികസന ഫണ്ട്: 2,50,000
ജില്ലാ പഞ്ചായത്ത്:1,00,000
ഫണ്ടിനം: വികസന ഫണ്ട്
ബിൽ നമ്പർ, തീയതി:

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) അപേക്ഷ ഫോറങ്ങൾ കൃത്യമായും പൂർണമായും പൂരിപ്പിച്ച് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപേക്ഷകരുമായി ചമക്കേണ്ട കരാർ ഫോം പൂരിപ്പിച്ചത് ലഭ്യമാക്കിയില്ല.
2. ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ, തുകയുടെ വിശദാംശങ്ങൾ എന്നിവ കൃത്യമായി രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ രേഖകളുടെ അഭാവത്തിൽ ചെലവിന്റെ ആധികാരികത പൂർണമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത രേഖകൾ പൂർത്തിയാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-26 പച്ചക്കറി വിത്തുകളും, തൈകളും വാങ്ങിയത് സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ നടത്തിപ്പിന്റെ രേഖകൾ പൂർണമായി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ.

1)പദ്ധതി നമ്പർ : 187
പദ്ധതിയുടെ പേര് : ഇടവിള കൃഷി
അടങ്കൽ തുക : 3,00,000
ചെലവ് തുക : 3,00,000
ഫണ്ടിനം : വികസന ഫണ്ട്
ബിൽ നമ്പർ, തീയതി: 5/29.07.2020

മേൽ പദ്ധതിയിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും X - 49/20-21 തീയതി 26.06.2020 പ്രകാരം 400 ട്യൂബർ കിറ്റുകൾ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഈ കിറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

2) പദ്ധതി നമ്പർ: 191

പദ്ധതിയുടെ പേര്: ജൈവ പച്ചക്കറി കൃഷി (വനിത)

അടങ്കൽ തുക: 5,17,500

ചെലവ് തുക: 2,62,500

ഫണ്ടിനം: വികസന ഫണ്ട്

ബിൽ നമ്പർ, തീയതി: 11/26.03.2021

മേൽ പദ്ധതിയിൽ ഡി.ജെ.എം.ഹൈ ടെക് ഇൻന്റഗ്രേറ്റഡ് ഫാം ആന്റ് നഴ്സറി ഗാർഡനിൽ നിന്നും ബിൽ നമ്പർ 4610 തീയതി 14.07.2020 പ്രകാരം 50/- രൂപ നിരക്കിൽ 150 പച്ചക്കറി വിത്തുകളും, 200/- രൂപ നിരക്കിൽ 150 പച്ചക്കറി തൈകളും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നമ്പർ X-227/20-21, തീയതി 11.09.2020 പ്രകാരം 150 യൂണിറ്റ് ജൈവവളം വാങ്ങിയതും സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

പച്ചക്കറി വിത്തുകളും, തൈകളും വാങ്ങിയത് സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

3) പദ്ധതി നമ്പർ: 167

പദ്ധതിയുടെ പേര്: ഫല വൃക്ഷതൈ വിതരണം

അടങ്കൽ തുക: 2,00,000

ചെലവ് തുക: 1,50,000

ഫണ്ടിനം: വികസന ഫണ്ട്

ബിൽ നമ്പർ, തീയതി: 10/18.01.2021

മേൽ പദ്ധതിയിൽ ബിൽ നമ്പർ 4604 തീയതി 28.09.2020 പ്രകാരം 200 വീതം വരിക്ക മാവ്, റമ്പൂട്ടാൻ, സപ്പോട്ട, കുടംപുളി, പേര , 400 വീതം വരിക്കപ്ലാവ്, പപ്പായ ഗ്രാഫ്റ്റഡ് തൈകൾ ഡി.ജെ.എം.ഹൈ ടെക് ഇന്റഗ്രേറ്റഡ് ഫാം ആന്റ് നഴ്സറി ഫാമിൽ നിന്നും വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെയും അവ വിതരണം ചെയ്തതിന്റെയും രേഖകൾ ആധികാരികമായി എഴുതി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

4)പദ്ധതി നമ്പർ: 357

പദ്ധതിയുടെ പേര്: സുഭിക്ഷ കേരളം - പച്ചക്കറി തൈ വിതരണം പദ്ധതി

അടങ്കൽ തുക: 2,00,000

ചെലവ് തുക: 2,00,000

ഫണ്ടിനം: വികസന ഫണ്ട്

ബിൽ നമ്പർ, തീയതി: 13/29.03.2021, 1,00,000/-

മേൽ പദ്ധതിയിൽ ഡി.ജെ.എം.ഹൈ ടൈക് ഇന്റഗ്രേറ്റഡ് ഫാം ആന്റ് നഴ്സറി ഗാർഡനിൽ നിന്നും ബിൽ നമ്പർ 4609 തീയതി 20.10 2020 പ്രകാരം 5000 വീതം വിവിധ ഇനം പച്ചക്കറി തൈകൾ രണ്ട് രൂപ നിരക്കിൽ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, ബിൽ നമ്പർ 445 തീയതി, 26.08.2020 പ്രകാരം അതേ സ്ഥാപനത്തിൽ നിന്നും 5000 വീതം വിവിധ ഇനം പച്ചക്കറി തൈകൾ രണ്ട് രൂപ നിരക്കിൽ വാങ്ങിയതും സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

പരിശോധനയ്ക്ക് ഹാജരാക്കിയ വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കൾക്ക് നൽകിയ വിത്തുകൾ, തൈകൾ, തുടങ്ങിയവ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത രേഖകൾ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

## 1-27 വികസന ഫണ്ട് പാഴായി പോകുന്നു

കൃഷി ഓഫീസർ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് ചെലവായിട്ടുള്ളത്. വിശദാംശങ്ങൾ താഴെ.

1)പദ്ധതി നമ്പർ: 189

പദ്ധതിയുടെ പേര്: ഹരിത ഭവനം (സ്പിൽ ഓവർ)

അടങ്കൽ തുക: 6,43,460/-

ചെലവ് തുക: 91,000

ഫണ്ടിനം: വികസന ഫണ്ട്

2)പദ്ധതി നമ്പർ: 188

പദ്ധതിയുടെ പേര്: വാഴകൃഷി

അടങ്കൽ തുക: 14,30,000/-

ചെലവ് തുക: 97,500

ഫണ്ടിനം: വികസന ഫണ്ട്

ബിൽ നമ്പർ, തീയതി: 12/28.03.2021

മേൽ പദ്ധതികളിൽ പദ്ധതി തുകയുടെ 14 ശതമാനം, 6 ശതമാനം എന്നിങ്ങനെയാണ് യഥാക്രമം തുക വിനിയോഗിച്ചിരിക്കുന്നത്. ഇങ്ങനെ പദ്ധതിപ്പണം പ്രോജക്ട് അംഗീകാരം നേടിയ ശേഷം ഉപയോഗിക്കാതെ പാഴാകുന്നതിന് ഇടയായ സാഹചര്യം അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ അപരാപ്തതയാണ് ഇതിന് മറുപടിയായി നൽകിയത്. യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമായി പദ്ധതി രൂപീകരിക്കാതെ, കൃത്യമായ പഠനം നടത്താതെ പദ്ധതി നടപ്പിലാക്കുന്നത് വികസന ഫണ്ട് പാഴായി പോകുന്നതിന് ഇടയാക്കുന്നു. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 വൗച്ചറുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല

പദ്ധതി നമ്പർ :1 90/2020

പദ്ധതിയുടെ പേര് : പച്ചക്കറി കൃഷി(വനിത) സ്പിൽ ഓവർ

അടങ്കൽ തുക : 4,05,000/-

ചെലവ് തുക : 3,15,000/-

ഫണ്ടിനം : വികസന ഫണ്ട്

ബിൽ നമ്പർ: തീയതി, തുക :01/20.04.2020, 1,00,000/-

02/20.04.2020, 1,00,000/-

03/20.04.2020, 25,000/-

04/20.04.2020,90,000/-

നിർവ്വഹണം : കൃഷി ഓഫീസർ

90,000/- രൂപയുടെ ചെലവിനാധാരമായ 53 വൗച്ചറുകളിൽ കൈപ്പറ്റ് തീയതി രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി കൊറോണ മഹാമാരിയുമായി ബന്ധപ്പെട്ടുള്ള പരിമിതികളാണ് കാരണമെന്ന് അറിയിച്ചു. ചെലവിനാധാരമായ രേഖകളിൽ കൃത്യതയും പൂർണതയും ഉറപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ആംബുലൻസ് വാടക വരവ് ആവർത്തന ചെലവുകൾക്ക് മതിയാകുന്നില്ല

വാർഷിക കണക്കുകൾ പ്രകാരം ഹെഡ് 150400101 ആംബുലൻസ് വാടക വരവ് 60,755/- രൂപയും, ഹെഡ് 230100299 പ്രകാരം ഇന്ധന ചെലവ് 85,842/- രൂപയുമാണ്. ഇതിനു പുറമേ ആംബുലൻസിന്റെ റിപ്പയർ & മെയിന്റനൻസ്, ഡ്രൈവറുടെ വേതനം തുടങ്ങിയ ഇനങ്ങളിലും ചെലവ് ഉണ്ടാകുന്നു. ഈയിനത്തിലെ പദ്ധതി ചെലവുകളുടെ വിവരം ചുവടെ.

| പദ്ധതി | ചെലവു തുക | ഫണ്ടിനം |
|---|---|---|
| 44/21 ആംബുലൻസ് സേവനം മെച്ചപ്പെടുത്തൽ-ജീവനക്കാരുടെ വേതനം | 262500 | തനതു ഫണ്ട് |
| 43/21 ആംബുലൻസ് സേവനം മെച്ചപ്പെടുത്തൽ- മെയിന്റനൻസ്, ഡീസൽ | 144551 | തനതു ഫണ്ട് |
| 142/21 ആംബുലൻസ് സേവനം മെച്ചപ്പെടുത്തൽ | 17458 | തനതു ഫണ്ട് |
| ആകെ | 4,24,509 | |

ഗ്രാമപഞ്ചായത്ത് ആംബുലൻസ് സേവനം ലഭ്യമാക്കുന്നത് ജനോപകാരപ്രദമാണ് എന്ന് വിലയിരുത്തുന്നു. എന്നാൽ ആംബുലൻസ് വരവ്, ആവർത്തന ചെലവുകൾക്ക് മതിയാകാത്ത അവസ്ഥ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.19/16.05.2022) മറുപടി ലഭ്യമാക്കിയില്ല. വരവ്, ചെലവിലെ അന്തരം പരിശോധിച്ച് ആംബുലൻസ് വാടക ഉയർത്തുന്നത് പ്രായോഗികമാണോ എന്നതിന്റെ സാധ്യതകൾ ധനകാര്യ സ്ഥിരം സമിതി/ഭരണസമിതി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-30 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഗ്രാമ പഞ്ചായത്ത് വിവിധ പദ്ധതികളിലൂടെ ആർജ്ജിച്ചതും ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയതുമായ എല്ലാ സ്ഥാവര ജംഗമ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് സർക്കാർ നിർദ്ദേശമുള്ളതാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. എല്ലാ ആസ്തികളും രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

ഉദാ- 27/08/20 ലെ ഭരണസമിതി തീരുമാന പ്രകാരം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിരിക്കുന്ന റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.
1.കളത്തറവിള മുതൽ മാങ്കോട്ടുകോണം വരെ - വാർഡ് 2
2.കുന്നത്ത് വിളാകം ഗാർഡൻസ് - വാർഡ് 23
3.പ്രാവച്ചമ്പലം റയിൽവേ സ്റ്റേഷൻ റോഡ് തെക്കിനകം ലെയിൻ- വാർഡ് 23

ലാന്റ് റിലിൻക്വിഷ്മമായി ബന്ധപ്പെട്ട ഹൈക്കോടതിയുടെ 25.09.2020 ലെ വിധിയനുസരിച്ച് ആർ ഡി ഒയുടെ ഉത്തരവുകൂടി ലഭ്യമാക്കി മാത്രമേ മേൽ പരാമർശിച്ചവ ആസ്തി രജിസ്റ്ററിൽ ചേർക്കാൻ കഴിയുകയുള്ളുവെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( 9/12.05.2022) എ.ഇ (എൽ എസ് ജി ഡി) മറുപടി ലഭ്യമാക്കി.

ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-31 പകൽവീടുകൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ എൽ എസ് ജി ഡി എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം വിവിധ സ്ഥലങ്ങളിൽ നടത്തിയ സ്ഥലപരിശോധനയിൽ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ വാർഡുകളിലെ പകൽവീടുകൾ (4എണ്ണം) പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്നതായി കണ്ടെത്തി.

ഐ സി ഡി എസ് സൂപ്പർവൈസറുടെ പകൽവീട് ( പ്രോജക്ട് നം പ്രകാരം 16) എന്ന പ്രോജക്ട് പ്രകാരം പ്രവർത്തനമില്ലാത്ത പകൽവീടുകൾക്കായി 2,24,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെയർടേക്കർമാരുടെ ഓണറേറിയം ഇനത്തിലാണ് പ്രസ്തുത തുക ചെലവഴിച്ചിരിക്കുന്നത്. പകൽവീടുകൾ നാളിതുവരെ തുറന്ന് പ്രവർത്തിപ്പിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 23/17.05.2022)2020 മാർച്ച് 10-ാം തീയതിവരെ 4 പകൽവീടുകളും തുറന്ന് പ്രവർത്തിച്ചിരുന്നുവെന്നും വയോജന ഗ്രാമസഭ വിളിച്ച് ചേർത്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം വാങ്ങിച്ച് പകൽവീട് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിസ്വീകരിക്കുന്നതാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വയോജനക്ഷേമം മുൻനിർത്തി ആരംഭിച്ചിരിക്കുന്ന പകൽവീടുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ | അധികം നൽകിയ |
|---|---|---|---|---|---|---|---|

| | | | | | | വിതരണം ചെയ്ത കാലയളവ്. | തുക |
|---|---|---|---|---|---|---|---|
| 1 | ലോപ്പസ് | 102770202630 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 12.2.20 | ആക്ടീവ് | 3/20 -10/20 | 12000/- |
| 2 | ചെല്ലദാസ് | 102770204574 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 11.5.20 | ആക്ടീവ് | 6/20 | 1500/- |
| 3 | രത്നാകരൻ | 102770203830 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 22.5.20 | ആക്ടീവ് | 6/20 – 4/22 | 31100/- |
| 4 | ഗോപാലകൃഷ്ണൻ | 102770100338 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 17.5.20 | ആക്ടീവ് | 6/20 | 1300/- |
| 5 | പങ്കജാക്ഷി | 102770100980 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1.7.20 | സസ്പെൻഡ് | 8/20 | 1400/- |
| 6 | സിദ്ധാർത്ഥൻ | 103860201678 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 24.6.20 | ആക്ടീവ് | 7/20 – 10/20 | 5400/- |
| 7 | ഹാജിറാബീവി | 102770200505 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 24.6.20 | ആക്ടീവ് | 7/20 - 4/22 | 34300/- |
| 8 | ചന്ദ്രമതിഅമ്മ | 102770601132 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 14.7.20 | ആക്ടീവ് | 8/20 – 4/22 | 32200/- |
| 9 | കൃഷ്ണമ്മ കെ | 101670218021 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 7.5.20 | ആക്ടീവ് | 6/20 - 11/20 | 8100/- |
| 10 | വിജയകുമാരി | 102770600217 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 11.8.20. | ആക്ടീവ് | 9/20 - 4/22 | 30900/- |
| 11 | ശ്രീകണ്ഠൻ | 102820203381 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 19.8.20 | സസ്പെൻഡ് | 9/20 - 1/21 | 7100/- |
| 12 | പൊന്നയ്യൻ | 102770203453 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 6.10.20 | ആക്ടീവ് | 11/20 - 12/20 | 2800/- |
| 13 | ശിവാനന്ദ പണിക്കർ | 102770200133 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 29/10/20 | ആക്ടീവ് | 11/20 - 12/20 | 3000/- |
| 14 | ശ്രീനിവാസപ്പിള്ള | 10277020572 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 26.11.20 | ആക്ടീവ് | 12/20 - 4/21 | 7500/- |
| 15 | വിജയമ്മ റ്റി | 102770601583 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 29.12.20 | ആക്ടീവ് | 1/21 - 6/21 | 9300/- |
| 16 | ശാന്ത പി | 10277060521 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 26.1.21 | സസ്പെൻഡ് | 2/21 - 6/21 | 7800/- |
| 17 | അയ്യപ്പൻ ആശാരി | 102770400093 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 16.2.21 | ആക്ടീവ് | 3/21 - 4/21 | 3100/- |

ഓഡിറ്റിന് ഹാജരാക്കിയ എല്ലാ മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ സ്വീകരിക്കേണ്ട തുടർനടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8, 12.5.2022) അനധികൃതമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ അടയ്ക്കാൻ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും, മരണം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് പെൻഷൻ ഗുണഭോക്താക്കളെ സേവനയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും

അറിയിച്ചിട്ടുണ്ട്. അനർഹമായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മരണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്‌പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 ഹോം കോയുമായി കരാർ ചമച്ചിട്ടില്ല

പദ്ധതി നമ്പർ :150/2020

പദ്ധതിയുടെ പേര്: ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക :3,00,000/-

ചെലവ് തുക :3,00,000/-

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ: തീയതി, തുക :01/19.08.2020, :3,00,000/-

.

മരുന്നുകളുടെ വിലയായി 3 ലക്ഷം രൂപ 19.08.2020 നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം മാസങ്ങൾക്കു ശേഷം മാത്രമാണ് മരുന്നുകൾ ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| LF 849 | 06.07.2021 | 1,16,280/- | 06.07.2021 |
| LF 2226 | 08.02.2021 | 1,83,720/- | 08.02.2021 |
| | | 3,00,000/- | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/11.05.2022) മറുപടിയായി സമയപരിധി സംബന്ധിച്ച് ഹോം കോയുമായി കരാർ ചമച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ മരുന്ന് വിതരണക്കാരുമായി കരാർ വയ്ക്കുകയും, മരുന്നുകൾ താമസംവിനാ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-34 കെ.എസ്.ഇ.ബി. ക്ക് ഫിറ്റിംഗ് ചാർജ്ജ് ഒടുക്കൽ - ചെലവു തുക 70,221/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോ. നം. - 80/21 പുതിയ ട്യൂബ് ലൈറ്റ് സ്ഥാപിക്കലും കെ.എസ്.ഇ.ബി.ക്ക് ഫിറ്റിംഗ് ചാർജ്ജ് ഒടുക്കലും (സ്പിൽ ഓവർ)

അടങ്കൽ തുക - 10,00,000/- (919080 തനത് ഫണ്ട് +

80920 കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്)

ചെലവു തുക - 70221/-

ബിൽ നം. - 12/17.05.2020

നിർവഹണാധികാരി - സെക്രട്ടറി

മേൽ പദ്ധതി പ്രകാരം കെൽ (KEL) ൽ നിന്നും ടെണ്ടർ കൂടാതെ തെരുവ് വിളക്കുകൾ (ട്യൂബ് ലൈറ്റുകൾ) വാങ്ങി സ്ഥാപിക്കാൻ ആണ് ഉദ്ദേശിച്ചിരുന്നത്. കെൽ-ന്റെ മാനേജർ മുദ്രപത്രത്തിൽ നൽകിയ സമ്മതപത്രത്തിൽ, തീയതി രേഖപ്പെടുത്തുകയോ, പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ആരും ഒപ്പ് വക്കുകയോ ചെയ്തിട്ടില്ല. സമ്മതപത്രം പ്രകാരം 271 ഡബിൾ ട്യൂബ് സെറ്റുകൾ പഞ്ചായത്തിൽ എത്തിച്ച്, സ്ഥാപിക്കുന്നതിന് എല്ലാ ചെലവുകളും നികുതിയും ഉൾപ്പെടെ 7,99,450/- രൂപയാണ് നിശ്ചയിച്ചിരുന്നത്. വിളക്കുകൾ സ്ഥാപിക്കുന്നതിന് ഉൾപ്പെടെയാണ് അക്രഡിറ്റഡ് ഏജൻസി തുക സമ്മതിച്ചതെന്നിരിക്കേ, കെ.എസ്.ഇ.ബി.യിൽ ഫിറ്റിംഗ് ചാർജ്ജ് നൽകിയത് എന്തിനാണെന്ന് വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല പദ്ധതി പ്രകാരം കെൽ-ൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. തെരുവ് വിളക്കുകൾ ലഭ്യമായിട്ടില്ലായെങ്കിൽ, ഫിറ്റിംഗ് ചാർജ്ജ് മുൻകൂർ ആയി കെ.എസ്.ഇ.ബി.ക്ക് ഒടുക്കുവാനുണ്ടായ സാഹചര്യം വിശദമാക്കിയിട്ടില്ല. മേൽ ബിൽ പ്രകാരം കെ.എസ്.ഇ.ബി. കല്ലിയൂർ സെക്ഷന് 90 ട്യൂബ്

ലൈറ്റുകളുടെ ഫിറ്റിംഗ് ചാർജ്ജ് ആയി 39,361/- രൂപയും, കെ.എസ്.ഇ.ബി. നേമം സെക്ഷന് 70 ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഫിറ്റിംഗ് ചാർജ്ജ് ആയി 30,860/- രൂപയും ഉൾപ്പെടെ ആകെ 70,221/- രൂപയാണ് കെ.എസ്.ഇ.ബി. ക്ക് കൈമാറിയത്. പ്രസ്തുത ചെലവിന് കെ.എസ്.ഇ.ബി.യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ 16.05.2022 ലെ 27-ാം നമ്പർ ഓഡിറ്റ് അന്വേഷണപ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവു തുക 70,221/- രൂപ തടസ്സം ചെയ്യുന്നു.

## 1-35 തെരുവ് വിളക്ക് മെയിന്റനൻസ് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ-792149/- രൂപ തടസ്സപ്പെടുത്തുന്നു.

തെരുവ് വിളക്ക് മെയിന്റനൻസ് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ. ചെലവ് തുക തടസ്സപ്പെടുത്തുന്നു. രൂപ 792149/- വിശദാംശങ്ങൾ താഴെ.

പ്രോജക്ട് നമ്പർ :32/21 (Spill Over)

പേര് - തെരുവ് വിളക്ക് മെയിന്റനൻസ്

അടങ്കൽ - 875,000 (CFC Award - 437500

തനത് ഫണ്ട് -437500)

ചെലവ് 792149 (CFC - 437500

തനത് ഫണ്ട് -354649)

ബിൽ നമ്പർ 26/13.7.20 187500/-

27/13.7.20 250,000

ചെക്ക് നമ്പർ 919839/2.2.21 202949

5507012/30.3.21 151700

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലെ തെരുവ് വിളക്ക് പരിപാലനത്തിനായി പഞ്ചായത്തിനെ നാല് മേഖലകളായി തിരിച്ച് ടെണ്ടർ ചെയ്യുകയും 27.9.19 ലെ 5(2) കമ്മിറ്റി തീരുമാനം പ്രകാരം താഴെപ്പറയുന്ന രീതിയിൽ കരാർ നൽകുകയും ചെയ്തു.

| മേഖല | കരാറുകാരന്റെ പേര് | കരാർ നിരക്ക് |
|---|---|---|
| 1 | കെ.എസ്. പ്രസാദ് | 2% Below KSEB Rate |
| 2 | K.ശിശുപാലൻ | 1% Below KSEB Rate |
| 3 | K.ശിശുപാലൻ | 1% Below KSEB Rate |
| 4 | A.ഷിബു | 1% Below KSEB Rate |

ടി പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പൂർത്തിയാക്കിയ അറ്റകുറ്റ പണികളെ സംബന്ധിക്കുന്ന കരാറുകാരുടെ വ്യക്തമായ ബില്ലിന്റെയോ റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിൽ അല്ല കരാർ തുക നൽകിയിട്ടുള്ളത്.

ഉദാഹരണമായി

എ) ബിൽ നം.26/13.7.20 പ്രകാരം കരാറുകാരനായ ശ്രീ. കെ.എസ് പ്രസാദിന് 187500/- നൽകിയതിന് ആധാരമായ ബിൽ/രജിസ്റ്റർ ഫയലിൽ ലഭ്യമല്ല.

ബി) ബിൽ നം.27/13.7.22 പ്രകാരം കരാറുകാരനായ ശ്രീ.കെ.ശിശുപാലൻ 25,000/- രൂപ നൽകിയത് ടിയാന്റെ തീയതി രേഖപ്പെടുത്താത്ത ബില്ലിൽ 1211 പോസ്റ്റുകളുടെ തെരുവ് വിളക്ക് പരിപാലന ഇനത്തിൽ 25,000/- രൂപ നൽകാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാത്രം ആണ്.

2) മറ്റ് ബില്ലുകൾ പരിശോധിച്ചതിൽ കരാറുകാർ വിവിധ വാർഡുകളിൽ അറ്റകുറ്റ പണി ചെയ്ത തെരുവ് വിളക്ക് പോസ്റ്റുകളുടെ എണ്ണം, നമ്പർ എന്നിവ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ഓരോ പോസ്റ്റിലും, എന്ത് തരം തെരുവ് വിളക്ക് ആണ് എന്നോ, എന്ത് തരം അറ്റകുറ്റ പണി ആണ് നടത്തിയതെന്നോ വ്യക്തമാക്കുന്ന യാതൊരു രേഖയും ലഭ്യമല്ല. KSEB റിപ്പയർ നിരക്ക് ഓരോ തരം തെരുവ് വിളക്കുകളെയും അടിസ്ഥാനമാക്കി ആണെന്നിരിക്കേ, പോസ്റ്റുകളുടെ എണ്ണം മാത്രം കണക്കിലെടുത്ത്, കരാർ തുക കണക്കാക്കിയതെങ്ങനെ എന്ന് വ്യക്തമല്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിലും പോസ്റ്റുകളുടെ നമ്പർ അല്ലാതെ മറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3) KSEB ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കേടായ തെരുവ് വിളക്ക് മാറ്റുമ്പോൾ ആയത് Stock Register Of Unservicable ArticlesUൽ ഉൾപ്പെടുത്തി കാണുന്നില്ല.

ടി അപാകങ്ങൾക്ക് 17/5/22 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 32 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 ലോക്ക് ഡൗണിനെ തുടർന്ന് അടച്ചിട്ടിരുന്ന നീന്തൽ കുളത്തിലെ വെള്ളം ശുദ്ധീകരിക്കുന്നപദ്ധതി- ആധികാരിക രേഖകൾ സൂക്ഷിക്കേണ്ടതാണ്.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൂങ്കോട് നീന്തൽ പരിശീലന കേന്ദ്രത്തിന്റെ തുടർ പരിപാലനം എന്ന പദ്ധതി പ്രകാരം പ്രോജക്ട് നമ്പർ 34/21 പ്രകാരം 2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നീന്തൽ കുളത്തിലെ വെള്ളം ശുദ്ധീകരിക്കുന്നതിനായി 211107/- രൂപ ചെലവഴിച്ചതായി കാണുന്നു. ടി ചെലവിൽ 198200/- രൂപ Bio Care Enterprises എന്ന സ്ഥാപനത്തിൽ നിന്നും ജലം ശുദ്ധീകരിക്കുന്നതിനായി 28/1/2020, 12/2/20 എന്നീ തീയതികളിലായി വാങ്ങിയ താഴെപ്പറയുന്ന കെമിക്കലുകളുടെ വിലയായി നൽകിയതാണ്.

Alu 700 Kg @ 44 - 30800/-

Bleaching Powder 700kg @Rs.42 - 29400

Chlorine TCC 90 100 Kg@ Rs.230 - 23000

Chlorine TCC 90 500kg@Rs.230 - 115000

-----------------

ആകെ 198200

പ്രസ്തുത രാസവസ്തുക്കൾ വാങ്ങി സ്റ്റോക്കിലെടുത്തതിന്റേയോ വിതരണം ചെയ്തതിന്റേയോ രേഖകൾ ഹാജരാക്കിയില്ല. നീന്തൽ കുളത്തിലെ ജലവ്യാപ്തി അനുസരിച്ച് ശാസ്ത്രീയമായി നിർണയിക്കപ്പെട്ട അനുപാതത്തിൽ ആണോ ഈ രാസവസ്തുക്കൾ ഉപയോഗിക്കുന്നത് എന്നും ആണെങ്കിൽ ടി അനുപാതത്തിന്റെ വിവരങ്ങളും, അടച്ചിട്ടിരുന്ന കാലയളവിലും ഇത്രയും രാസവസ്തുക്കൾ ഉപയോഗിക്കേണ്ടതുണ്ടോ എന്ന 16/5/22 ലെ 29-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് അടച്ചിട്ടിരുന്ന കാലയളവിലും വെള്ളം ശുദ്ധമായി സൂക്ഷിക്കേണ്ടതുണ്ട് എന്നും ഇതിലേയ്ക്കായി ഒരുവർഷം 100 Kg Chlorine TCC, 1000 Lkg ആലം, 1800 Kg ബ്ലീച്ചിംഗ് പൗഡർ എന്നിവ ആവശ്യമാണ് എന്ന് അറിയിച്ചു. എന്നാൽ ഇത് ശാസ്ത്രീയമായി നിർണ്ണയിക്കപ്പെട്ട അനുപാതമാണോ എന്ന ചോദ്യത്തിന് ഉത്തരം നൽകിയിട്ടില്ല.

50 മീറ്റർ നീളം, 20 മീറ്റർ വീതിയും ശരാശരി 1.75 മീറ്റർ ആഴവും ഉള്ള ടി നീന്തൽ കുളത്തിൽ കൊള്ളാവുന്ന പരമാവധി ജലത്തിന്റെ അളവ് 1750 $M^3$ ആണ്. ജലവ്യാപ്തിയുടെ അടിസ്ഥാനത്തിൽ ഉപയോഗിക്കേണ്ട രാസവസ്തുക്കളുടെ അനുപാതം സംബന്ധിച്ച് ഈ രംഗത്തെ വിദഗ്ദരുടെ ശുപാർശ തേടേണ്ടതും, അതനുസരിച്ച് മാത്രം അവ ഉപയോഗിക്കേണ്ടതുമാണ്.

കൂടാതെ നീന്തൽ കുളത്തിലെ ജലത്തിന്റെ Periodic Inspection നടത്തിയതിന്റെ വിവരങ്ങളും ലഭ്യമല്ല. നീന്തൽ കുളത്തിലെ ക്ലോറിൻ, PH ലെവൽ, കാഠിന്യം, സൂക്ഷ്മാണു സാന്നിദ്ധ്യം എന്നിവ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ആയത് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-37 സ്ട്രീറ്റ് ലൈറ്റ് നീട്ടൽ- പദ്ധതി നിർവഹണത്തിലെ അപാകതകൾ -3127369/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ, പേര് - സ്ട്രീറ്റ് ലൈൻ നീട്ടൽ 31/20 (സ്പിൽ ഓവർ)

അടങ്കൽ - 3127369 ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ്- 3127369

ബിൽ നം , തീയതി - 66/15.03.21

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1) വിവിധ വാർഡുകളിലെ വൈദ്യുതി ലൈൻ നീട്ടുന്നതിനായി കെ.എസ്.ഇ.ബി യ്ക്ക് പ്രോജക്ട് പ്രകാരം നൽകിയ 3127369/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി പൂർത്തീകരണം മോണിറ്ററിംഗ് സമിതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) 8-ാം വാർഡിലെ വൈദ്യുതി ലൈൻ നീട്ടുന്നതിലേയ്ക്കായി കെ എസ് ഇ ബി ബാലരാമപുരം സെക്ഷൻ എ.ഇ പഞ്ചായത്തിന്റെ A1-7700/19-ാം നമ്പർ റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 12.05.2020 ലെ ബിൽ നം 10 മുഖേന 199873/- രൂപ കെ എസ് ഇ ബി യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതേ എസ്റ്റിമേറ്റിന്റെ ഫോട്ടോകോപ്പിയുടെ അടിസ്ഥാനത്തിൽ വിവിധ വാർഡുകളിലെ ലൈൻ നീട്ടുന്നതിനായി തയാറാക്കി നൽകിയ മറ്റ്

എസ്റ്റിമേറ്റുകളോടൊപ്പം ഇതേ തുക ഉൾപ്പെടെ 1009579/- രൂപ ബിൽ നം 66 പ്രകാരം 15.03.21 ൽ വീണ്ടും കെ എസ് ഇ ബി യ്ക്ക് നൽകി. ടി ചെലവ് (199873 രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു.

ഒരേ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണ തുക കൈമാറിയ ഇനത്തിൽ കെ എസ് ഇ ബി യ്ക്ക് അധികമായി നൽകിയ തുക 199873/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4) താഴെ വിവരിക്കുന്ന നിക്ഷേപങ്ങൾ കെ.എസ്.ഇ.ബി തയാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അല്ല നൽകിയിരിക്കുന്നത്

ബിൽ നം തുക

67/15.03.21 , 441623 രൂപ

72/29.03.21 , 38821 രൂപ

5) ഓരോ വാർഡിലെയും ആവശ്യകത അനുസരിച്ച് കെ എസ് ഇ ബി യെ കൊണ്ട് എസ്റ്റിമേറ്റ് തയാർ ചെയ്ത് അതനുസരിച്ച് ആവശ്യമായ തുകയ്ക്ക് പദ്ധതി അടങ്കൽ തയാറാക്കുന്നതിന് പകരം ഒരു നിശ്ചിത തുകയ്ക്ക് പദ്ധതി തയാറാക്കിയ ശേഷം എല്ലാ വാർഡുകളിലേയ്ക്കുമായി ടി തുക തുല്യമായി വീതിക്കുകയും ടി തുകയിൽ പരിമിതപ്പെടുത്തിക്കൊണ്ടുള്ള എസ്റ്റിമേറ്റ് തയാറാക്കി നൽകാൻ കെ എസ് ഇ ബി യോട് ആവശ്യപ്പെടുകയും അതനുസരിച്ച് തുക നിക്ഷേപിക്കുകയും ചെയ്യുന്ന രീതിയാണ് പഞ്ചായത്ത് അവലംബിക്കുന്നത്. ഓരോ വാർഡിലെയും ആവശ്യകത അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാർ ചെയ്ത് അതനുസരിച്ച് പദ്ധതി തയ്യാറാക്കുന്നില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണം (4/11.05.22)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി പദ്ധതിയ്ക്കായി ചെലവിട്ട 3127369/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | സുലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടങ്കൽ | സുലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | റോഡ് നിർമ്മാണവും വസ്തു വാങ്ങലും (എസ്.സി) 161/21 | 3000000 | 1125000 |
| | ന്യൂലൈഫ് കോളനി നവീകരണം - കോട്ടയം മുക്ക് ലക്ഷംവീട്, ഗാന്ധിനഗർ ലക്ഷംവീട് 183/21 | 100000 | 100000 |
| | ഭവന നിർമ്മാണവും വസ്തു വാങ്ങലും (ലൈഫ്) 151/21 | 5000000 | 1782866 |
| | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി (ജനറൽ) 12/21 | 300000 | 30000 |

| | | | |
|---|---|---|---|
| | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി (വനിത) 13/21 | 300000 | 115000 |
| | ആകെ | 8700000 | 3152866 |
| ബ്ലോക്ക് പഞ്ചായത്ത് | സുഭിക്ഷ കേരളം - ഫലവൃക്ഷ തൈ വിതരണം 361/21 | 50000 | 49800 |
| | സുഭിക്ഷ കേരളം - പച്ചക്കറി തൈ വിതരണം പദ്ധതി 357/21 | 100000 | 100000 |
| | അംഗനവാടി പോഷകാഹാരം 14/21 | 300000 100000 | |
| | അംഗനവാടി പോഷകാഹാരം 326/21 | 190890 | 190890 |
| | സ്നേഹസ്പർശം കുട്ടികൾക്ക് സ്കോളർഷിപ്പ് 252/21 | 508125 | 484500 |
| | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി (ജനറൽ) 12/21 | 300000 | 300000 |
| | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി (വനിത) 13/21 | 300000 | 300000 |
| | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി (ജനറൽ) 57/21 | 100000 | 100000 |
| | 18-ാം നമ്പർ അംഗനവാടി പൂർത്തീകരണം (106/21) | 300000 | 300000 |
| | ആകെ | 2149015 | 1925190 |

എ.എഫ്.എസ് പ്രകാരം

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 3344396 | 4883200 | 8227596 | 1925190 | 4597406 * |
| ജില്ലാപഞ്ചായത്ത് | 18104 | 3152866 | 3170970 | 3152866 | 18104 |

* ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടുത്തൽ നടത്തി ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.ഡബ്ല്യു.എ. | പൈപ്പ് ലൈൻ നീട്ടൽ 30/21 | 804400 | 0 | 804400 |
| 2 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ നീട്ടൽ 31/21 | 3127369 | 0 | 3127369 |
| 3 | കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ 38/21 | 166444 | 0 | 166444 |
| 4 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ നീട്ടൽ 27/21 | 87521 | 0 | 87521 |
| 5 | ഭൂജല വകുപ്പ് | പൂങ്കോട് സ്വിമ്മിംഗ് പൂൾ കുഴൽ കിണർ നിർമ്മാണം 35/21 | 64224 | 0 | 64224 |
| ആകെ | | | 4249958 | 0 | 4249958 |

| | 19-20 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 20-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 3594634 | 3381334 | 6975968 | 0 | 6975968 |
| കെ.ഡബ്ല്യു.എ | 4246419 | 804400 | 5050819 | 0 | 5050819 |
| ഭൂജല വകുപ്പ് | 0 | 64224 | 64224 | 0 | 64224 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം./ തീയതി | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (തൻവർഷ ബി5 പ്രകാരം) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | | 0 | 358523 | 88120 | | 270403 |
| കെ.യു.ആർ.ഡി.എഫ്.സി | - | 19700000 | 83391707 | 7846744 | | 95244963 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,12,04,934 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 19,57,49,939 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 19,64,57,613 |
| നീക്കിയിരിപ്പ് | 2,04,97,260 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3989739 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 70,221 | ശ്രീ.സുരേഷ്.കെ.വി, സെക്രട്ടറി |
| 1-35 | 7,92,149 | ശ്രീ.സുരേഷ്.കെ.വി, സെക്രട്ടറി |

| | | |
|---|---|---|
| 1-37 | 3127369 | ശ്രീ.സുരേഷ്.കെ.വി, സെക്രട്ടറി |
| ആകെ | 3989739 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ്.കെ.വി, സെക്രട്ടറി | സെക്രട്ടറി | ദിവ്യശ്രീ, പത്മനാഭ നഗർ, നെട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1297/18 തീയതി 13.06.2018 | 6 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1297/18 തീയതി 13.06.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1297/18 തീയതി 13.06.2018 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1297/18 തീയതി 13.06.2018 | 1 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/232/2010, 13-12-2011 | 13 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/951/2012, 17-07-2012 | 9 |
| 2009-10 | എൽ. എഫ്.റ്റി.ഡി.ജി.പി.4/1400/2011, 02-04-2013 | 11 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1702/2014 തീയതി 12-5-2014 | 11 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/926/2014-2, 17-3-2014 | 6 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/243/2015, 02-05-2015 | 11 |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1118/2015, | 26 |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1184(എ)/2016, 3-8-16 | 17 |
| 2015-16 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1959/2016, 15-11-16 | 10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1780/2017 തീയതി 24.8.2017 | 23 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2552/2019 തീയതി 18.2.2019 | 22 |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.4/803/2020 തീയതി: 06.10.2020 | |
| 2019-20 | നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.4/656/21 തീയതി: 31.03.2021 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്